
We have given instructions to Sri. C. Sebastian, the Programme Officer of Wayanad ANERT office to execute the supplementary agreement with the District Panchayat. The installation work of the remaining two solar fences shall be commenced on receipt of the balance amount of beneficiary share of Rs.24,09,885/- from the District Panchayat. Please note that ANERT is not charging any administration charges or service charges from the District Panchayat for executing the work. The revised estimate and statement of accounts for the depository work is enclosed.

Law College Road, Vikas Bhavan, P.O, Thiruvananthapuram - 695 033 Kerala, INDIA
Phone: (91-471) 2338077, 2334122, 2333124, 2331803 (office), (91-471) 2329854 (Director)
Fax: (91-471) 2329853, Web: anert.gov.in

The ownership of the fences can be handed over to the District Panchayat on completion of the depository work. The work can be inspected by the Monitoring Committee of the District Panchayat at their convenience at any time.

Yours faithfully,

DIRECTOR

Encl: As above

Copy to: Sri. Sebastian. C, Programme Officer

District office of ANERT, Wayanad

- For information and for executing the agreement with the District Panchayat on receipt of this letter.

File No. ANERT-ADM/36/2019-OA(HRM) (Computer No. 2117)

Generated from eOffice by Deepthi B Nair, OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 20/02/2026, 11:53 AM

Revised Estimate for Installation of Solar Fencing Energizer Systems in the 17 Remote Colonies In Wayanad District

Sl. No.	Location of Solar Fence	Length of Fence	Details of Components	Estimate Amount (Rs.)
1.	Kannal Kurukunnu Kuruman Kattunaikan Colony, Noolpuzha	9.00 km	A	21,39,147
2.	Veeradi Machimoola Kattakandi Punduvayal, Pulpally	8.60 km	A	21,51,658
3.	Kodangappura Adakka Manga Odakkolly Kayappura Colony, Noolpuzha	6.04 km	A	15,11,164
4.	Mangapadi (Amba)(50 acre), Pozhuthana	4.25 km	B	10,63,319
5.	Amba 30 acre, Pozhuthana	5.00 km	B	12,50,964
6.	Choimoola, Thavinjhal	4.88 km	B	12,20,941
7.	Manimunda Kuruman Kattunaikkan Colony, Noolpuzha	2.30 km	B	5,75,443
8.	Annimoola Echakunnu Karatu Kuruma Colony, Noolpuzha	3.10 km	B	7,75,598
9.	Kolavally Ambedkar Colony, Mullankolly	2.02 km	B	5,05,389
10.	Vandikkadavu, Chethimattam Paniya Colony, Pulpally	3.83 km	B	9,58,238
11.	Alipuram Moolavayal Colony, Noolpuzha	2.75 km	B	6,88,029
12.	Vallakode Kumbrankolli Kuruman Kattunaikkan Paniyan Colony	2.01 km	B	5,02,887
13.	Pilakkavu Kalkori Colony, Noolpuzha	2.00 km	B	5,00,385
14.	Ettekkar Kunnu Kuruman Colony, Noolpuzha	0.50 km	B	2,12,930
15.	Muniyankunnu to Thazhe Koloor Colony, Noolpuzha	1.45 km	B	3,62,779
16.	Pilakkavu Kalkori Kuriman Kattunaikkan Colony, Noolpuzha	1.15 km	B	2,87,721
17.	Nanmadhanpadi Paniya Colony	1.20 km	B	3,00,231
	TOTAL			1,50,06,823

A. Solar Fencing Energizer, Solar PV Module 12V, 100Wp, Tubular Battery 12V, 150 Ah, Charge Controller 10A, 12V, Energizer Cabin, Fencing Components and accessories etc.

B. Solar Fencing Energizer, Solar PV Module 12V, 70Wp, Tubular Battery, 12V, 100 Ah, Charge Controller 5A, 12V, Energizer Cabin, Fencing Components and accessories etc.

Total Estimate Amount for installation of solar Fencing Energizer Systems in 17 Remote Colonies : Rs.1,50,06,823/-

DIRECTOR, ANERT

File No. ANERT-ADM/36/2018-OA1(HRM) (Computer No.-217)

Generated from eOffice by Beepthi R Nath, OA1(HRM), ANERT, OA1(HRM)-ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

Statement of Expenditure for Installation of Solar Fencing Energizer Systems in 17 Remote Colonies in Wayanad District.

		(Rs.)
RECEIPT		
Fund deposited by Wayanad District Panchayat for Installation of Solar Fencing Systems	:	72,18,739.00
Fund deposited by Wayanad District Panchayat for Implementation of Total Energy Security Mission(TESM) Scheme	:	59,81,706.00
Total (A)	:	**1,32,00,445.00**
EXPENDITURE		
Cost of Solar Fencing Energizer System Completed (15 Nos.)	:	1,26,92,540.00
Cost of Solar Fencing Energizer System (Commitment) 2 Nos (Sl No. 4&5)	:	23,14,283.00
Pre- installation survey	:	44,000.00
TESM – Expenses (Subject to final Audit)	:	5,59,507
Total (B)	:	**1,56,10,330.00**
Amount to be remitted by the District Panchayat to ANERT : (B)-(A)	:	24,09,885.00

(Rupees Twenty four lakh nine thousand eight hundred and eighty five only)

DIRECTOR, ANERT

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ASIATECH
ELECTRONICS

MOOZHAYIL COMPLEX, SULTHAN BATHERY, KERALA - 673 592 PH: 04936-224802, 09495259911, e-mail : mkjoyasiatech@yahoo.co.in

Date: 6/12/19

From

ഏഷ്യാടെക് ഇലക്ട്രോണിക്സ്,
മൂഴയിൽ കോംപ്ലക്സ്,
സുൽത്താൻ ബത്തേരി.

To

ഡയറക്ടർ,
അനർട്ട്,
തിരുവനന്തപുരം.

സർ,

വിഷയം:- 1. വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വൈദ്യുതിവേലികളെ സംബന്ധിച്ച്.

2. സൗരോർജ്ജ വൈദ്യുതവേലി ഉപകരണങ്ങളുടെ പ്രവർത്തന നിരീക്ഷണ റിപ്പോർട്ട്.

അങ്ങയുടെ ഓഫീസിൽനിന്നുമുള്ള നിർദ്ദേശപ്രകാരം ഞങ്ങൾ പരിശോധിച്ചതിൽ വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിതമായ 15 ഇടങ്ങളിലെ വൈദ്യുതവേലിയിലെ ഘടകങ്ങളും മറ്റു യന്ത്രങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉപകരണങ്ങൾകൊണ്ട് ഞങ്ങൾ നടത്തിയ പരിശോധനയിൽനിന്നും വ്യക്തമായിട്ടുണ്ട്. ഈ വൈദ്യുതവേലികളെ സംബന്ധിച്ചുള്ള മറ്റ് ആക്ഷേപങ്ങളും പരാതികളും ചില തത്പര കക്ഷികളുടെ വൃഥാ ഇടപെടലുകളാണ്. ഉപഭോക്താക്കളെ സംബന്ധിച്ച് ഈ വൈദ്യുതവേലികൾ പൂർണ്ണമായും പ്രയോജനപ്രദമായി തുടരുന്നു എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്

എം.കെ.ജോയ്,
ഏഷ്യാടെക് ഇലക്ട്രോണിക്സ്.

No.7475/SFS/WYND/ANERT/2012 11.1.2013

U.O. Note

Sub: ANERT - Depositing of EMD Amount – reg.

Ref: Tender No.7475/SFS/WYND/ANERT/2012 dt. 29.9.2012

The tender referred above is being finalised. The EMD received from M/s. Asiatech Electronics, Sultan Bathery by way of the following DDs may be deposited into Bank:

1. DD No.034810 dt. 10.11.2012 drawn on Union Bank of India : Rs.2,00,000.00
2. DD No.510875 dt. 10.11.2012 drawn on on Bank of Baroda : Rs. 70,000.00

FINANCE MANAGER

To

Cashier

Encl: Demand Drafts (2 Nos.)

Received the above DDs

11/1/13

File No. ANERT-ADM86/2019-OA(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

District project office, wayanad

ഓർമ്മക്കുറിപ്പ്-2

നമ്പർ- 06/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി: 15-11-2014

പ്രേഷകൻ
പ്രോഗ്രാം ഓഫീസർ

സ്വീകർത്താവ് :

ഡി ഡയറക്ടർ
അനെർട്ട്, തിരുവനന്തപുരം

ANERT
17 NOV 2014
Date 1234

സർ,

വിഷയം:- 27/09/2014ലെ ഡി.ഡി.സി നിർദ്ദേശം സംബന്ധിച്ച്.

സൂചന:-1. 27-09-2014-ലെ ഡി.ഡി.സി മിനിട്സ് കോപ്പി ഖണ്ഡിക-4
2. 18-10-2014-ന് ഫോൺമുഖാന്തിരം രജിസ്ട്രാർ അനെർട്ട്, മുഖ്യ ഓഫീസുമായി സംസാരിച്ചത്
3. 08-10-2014-ന് മുഖ്യ ഓഫീസിൽ വന്ന് നേരിൽ സംസാരിച്ചത്
4. നമ്പർ- 06/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി:18-10-2014
5. നമ്പർ- 06/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി:31-10-2014

വയനാട് ജില്ലയിൽ അനെർട്ട് മുഖേന വന്യമൃഗശല്യത്തെ പ്രതിരോധിക്കാൻ സ്ഥാപിച്ച സൗരോർജ്ജ വേലികളുടെ തകരാറുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അനെർട്ട് വയനാട് ജില്ലാ ഓഫിസറെ അധികാരപ്പെടുത്തികൊണ്ടുള്ള തീരുമാനം സംബന്ധിച്ച മിനിട്സിന്റെ കോപ്പി സൂചന-1 പ്രകാരം അയച്ചിരുന്നു. തുടർനടപടി എത്രയും വേഗം ലഭ്യമാക്കിത്തരണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ,

പ്രോഗ്രാം ഓഫീസർ

KMB/180/3,Gudalai,kalpetta, PO, wayanad Dist. - 673121 Kerala, INDIA
Phone: (91-4936-206216
Web:http://education.vsnl.com/anert email :anert@vsnl.com

File No: ANERT/ADMIN/GUP/ADMIN (Computer No. 2197)
Generated from eOffice by Deepthi P Nath, OAV-HRM, ANERT, GAYATHRY, ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/12/2025 10:57 AM

85

ANERT

AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY

(DEPARTMENT OF POWER, GOVT. OF KERALA)

നം. 3701/SFSW/ANERT/2012 15.12.2012

പ്രേക്ഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

സെക്രട്ടറി
വയനാട് ജില്ലാപഞ്ചായത്ത്
കൽപ്പറ്റ

സർ,

വിഷയം: അനെർട്ട് - സോളാർ ഫെൻസിങ്ങ് സ്ഥാപിക്കുന്നത് സംബന്ധിച്ച്
സൂചന: 1. 16.4.2012 ലെ അനർട്ട് റീജനൽ പ്രോഗ്രാം മാനേജരുടെ (വയനാട്) കത്ത്.
2. 31.3.2012 ലെ കരാർ ഉടമ്പടി.
3. 25.8.2012 ലെ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത്.
4. ഈ ഓഫീസിലെ 25.9.2012 ലെ ഇതെ നമ്പരിലുള്ള കത്ത്.
5. 29.9.2012 ലെ 05/SFS/ANERT/2012 നമ്പരായുള്ള ദർഘാസ് പരസ്യം.

സൂചന ഒന്ന് പ്രകാരം വയനാട് ജില്ലയിൽ പ്രോജക്ട് 313/12, 330/12 - കാട്ടാന ശല്യത്തിൽ നിന്നും പട്ടിക വർഗ്ഗക്കാരുടെ ജീവനും, സ്വത്തിനും സംരക്ഷണം നൽകുന്നതിലേയ്ക്ക് 17 കോളനികളിൽ സോളാർ ഫെൻസിങ്ങ് സ്ഥാപിക്കുന്നതിലേയ്ക്കായി 22,18,739/-രൂപ ഈ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത ജോലി ഏറ്റെടുത്തു നടപ്പിലാക്കുന്നതിലേയ്ക്ക് ഒരു കരാർ ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ട്. ദേശീയ നിലവാരത്തിൽ സാങ്കേതിക വിശിഷ്ട വിവരണം തയ്യാറാക്കുകയും അത് സൂചന 3 പ്രകാരം 1,17,76,000/- രൂപയായി പുനർനിർണ്ണയിച്ച് താങ്കളെ സൂചന 4 പ്രകാരം അറിയിച്ചിട്ടുണ്ട്. തുടർന്ന് കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾക്കു വിധേയമായി ദേശീയതല ദർഘാസുകൾ ക്ഷണിച്ചിരുന്നു (സൂചന-5). നാല് സ്ഥാപനങ്ങൾ ദർഘാസ് പ്രകാരം വാങ്ങുകയും അതിൽ മൂന്നു പേർ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ദർഘാസുകൾ 3.11.2012 ൽ തുറക്കുകയുണ്ടായി. സാങ്കേതിക വിലയിരുത്തലിൽ രണ്ട് സ്ഥാപനങ്ങൾ മാത്രമേ യോഗ്യത നേടിയുള്ളൂ. തുടർന്ന് 7.12.2012-ന് യോഗ്യത നേടിയവർ സമർപ്പിച്ച തുക വിവരം രേഖപ്പെടുത്തിയ കവർ തുറക്കുകയുണ്ടായി. പൂർണ്ണ വിവരം താഴെ കൊടുക്കുന്നു.

1. ഹൃഷ്യാടെക് ഇലക്ട്രോണിക്സ്
സുൽത്താൻ ബത്തേരി, വയനാട് : 1,50,82,235/- രൂപ

2. സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ)
പ്രൈവറ്റ് ലിമിറ്റഡ്
തിരുവനന്തപുരം 1,54,72,275/- രൂപ

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏഷ്യാടെക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകാവുന്നതാണ്.

താങ്കളുടെ കരാർ ഉടമ്പടി പ്രകാരം അടങ്കൽ തുകയേക്കാൾ ദർഘാസ് തുക കുടുതലാണെങ്കിൽ ബാക്കി തുക ഈ ഓഫീസിൽ ഒടുക്കേണ്ടതാണ്. മേൽസൂചിപ്പിച്ച ദർഘാസ് നടപടി ക്രമം സ്വീകാര്യമാണെങ്കിൽ ഇതിൻപ്രകാരം 78,63,496/- രൂപ (എഴുപത്തിയെട്ടു ലക്ഷത്തി അറുപത്തിമൂവായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയാറു രൂപ മാത്രം) അടിയന്തിരമായി ഈ ഓഫീസിൽ ഒടുക്കുന്ന പക്ഷം പ്രസ്തുത പണി പൂർത്തീകരിക്കാൻ വേണ്ട തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

താങ്കളുടെ മറുപടി എത്രയും വേഗം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2020 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)
District project office, wayanad

നമ്പർ- വ/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി: 18-10-2014

ANERT
24 OCT 2014
Date....1842.....

പ്രേഷകൻ
പ്രോഗ്രാം ഓഫീസർ

സ്വീകർത്താവ്

ദി ഡയറക്ടർ
അനെർട്ട്, തിരുവനന്തപുരം

സർ,

വിഷയം:- 27/09/2014ലെ ഡി.ഡി.സി നിർദ്ദേശം സംബന്ധിച്ച്.
സൂചന:-1. 27-09-2014-ലെ ഡി.ഡി.സി മിനിട്സ് കോപ്പി ഖണ്ഡിക-4
2. 18-10-2014-ന് ഫോൺമുഖാന്തിരം രജിസ്ട്രാർ അനെർട്ട്, മുഖ്യ ഓഫീസുമായി സംസാരിച്ചിത്.
3. 08-10-2014-ന് മുഖ്യ ഓഫീസിൽ വന്ന് നേരിൽ സംസാരിച്ചത്

വയനാട് ജില്ലയിൽ അനെർട്ട് മുഖേന വന്യമൃഗശല്യത്തെ പ്രതിരോധിക്കാൻ സ്ഥാപിച്ച സൗരോർ ജ്ജ വേലികളുടെ തകരാറുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അനെർട്ട് വയനാട് ജില്ലാ ഓഫിസറെ അധികാരപ്പെടുത്തികൊണ്ടുള്ള തീരുമാനവും ഇതുസംബന്ധിച്ച് മുഖ്യ ഓഫീസിലേക്ക് അയക്കുന്ന കത്തിന്റെ കോപ്പി ജില്ലാകളക്ടർക്ക് ലഭ്യമാക്കണമെന്നുള്ള നിർദ്ദേശവും അടങ്ങിയ മിനിട്സിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അടുത്ത ഡി.ഡി.സി 25-10-2014-നാണ് അയതിനാൽ അടിയന്തര പ്രാധാന്യം നൽകേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

പകർപ്പ്
ജില്ലാ കളക്ടർ, വയനാട്

എന്ന്,

വിശ്വസ്തതയോടെ,

ഉള്ളടക്കം:
മിനിട്സ് കോപ്പി

പ്രോഗ്രാം ഓഫീസർ

KM8/180/3,Gudalai,kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: (91-4936-206216
Web:http://education.vsnl.com/anert email:anert@vsnl.com

File No. ANERT-ADM/36/2019-OA(HRM)-(Computer No. 247)
Generated from eOffice by Deepthi R Nath, OA(HRM)-ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)
District project office, wayanad

No23/ANERT (WD)/SPVFENCING/2012-2013

ANERT
0
Date 11485

Date 07/10/2014

From

Program Officer

ANERT, Wayanad

To

The Director

ANERT, Trivandrum

Sir,

Sub: Executing supplementary agreement and providing explanation of Non-compliance of former agreement conditions

Ref: 1) No: 3701/SFSW/ANERT/2012 dated 12/09/2014

2) No: 3701/SFSW/ANERT/2012 dated 21/03/2014

3) Agreement Executed between Director ANERT & District Panchayat Wayanad 31/03/2014

As per the reference no:1 under the direction of Director ANERT I had attend the meeting at District Panchayat President's chamber on 16/09/2014 and I handed over the letter which was sent by the Anert Headquarters to them. In the meeting several complaints made by the public were discussed .The committee noticed violations to the agreement conditions namely

Agreement Clause.06:- The approved estimate under no circumstances be altered.

Violation 1: The SLTAG approved estimate has been changed

Agreement Clause.07:- While implementing the project any changes on the estimate during any stage of the work must be under the guidance of District Panchayat. Any extra charges incurred by these changes will be provided by the District Panchayat

KM8/180/3,Gudalai,kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: (91-4936-206216
Web:http://education.vsnl.com/anert email :anert@vsnl.com

File No. ANERT /WDM/36/2019-OA1(HRM) (Computer No.:2117)
Generated from eOffice by Deepthi P Nath, OA1 (HRM), ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)
District project office, wayanad

Violation 2: No communication was held before amending the estimate

Agreement Clause.11:-The responsibility to inform the district Panchayat regarding the beginning of work and its progress is held by ANERT or the officials who are in charge of this work.

Violation 3: No intimation was provided to the district Panchayat nor to the district ANERT office

Agreement Clause.12:- The district Panchayat has to organize a monitoring committee to evaluate the progress of the work. The committee has the right to inspect the work premises, collect sufficient data and these facilities need to be arranged by personals executing the project. The recommendations of the monitoring committee should be legally fulfilled.

Violation 4: No communications was ever made to the monitoring committee on any stages of the work

Agreement Clause.15:- Upon the completion of the project the copy of the final invoice, performance report and completion report must be submitted to the District Panchayat office within 2 weeks.

Violation 5: Project based completion certificates, final bill and performance report was never submitted to the District Panchayat till date

As per the 3701/SFSW/ANERT/2012 dt 04/05/2013 The Director ANERT entrusted Sri .P Jayachandran Nair district engineer Malapuram to inspect and quality assurance of the works and he is instructed to report the progress of the work during every fortnight to the director. Thereafter no communication is made to district office by the concerned persons on above regard.

The committee demanded a written explanation regarding these above violations and same may be provided by the Head Quarters. Instructions may be given to the concerned person to furnish necessary explanations and may be provided to the district Panchayat at the earliest.

Regarding the solar fencing work concerned, the District ANERT office has no pivotal role in executing or commissioning or inspecting or reporting of the project while all the proceedings are presently held in ANERT Head Quarters. Hence it's highly advisable that the office may directly sign the agreement since the agreement clauses directly incorporate the officials who are presently in charge of this project .Hence I humbly request you to kindly relieve me from this assignment and direct the person who is in charge to proceed with the same

Yours faithfully

Programme Officer

KM8/180/3,Gudalai,kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: (91-4936-206215
Web:http://education.vsnl.com/anert email :energy@vsnl.com

File No. ANERT-ADM/36/2019-OA(HRM) (Computer No. 2117)
Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

No.3701/SFSW/ANERT/2012 12th September 2014

From

Director

To

The District Engineer
District office of ANERT
Wayanad

Sir,

Sub: Installation of solar fencing energizers in 17 remote colonies in Wayanad District – Meeting at District Panchayat Office - Reg.

Ref: Letter No.DP:15/613/12 dt. 26-08-2014 from the Secretary, District Panchayat Office, Wayanad

Your attention is invited to the reference cited. You are requested to attend the meeting at the District Panchayat Office, Wayanad on 16-09-2014 at 11 am for presenting the details about the status of work completed, balance funds to be deposited for completion of the work etc. in connection with the installation of 17 solar fences in the remote colonies in Wayanad district. The necessary details called for by the District Panchayat are enclosed.

Yours faithfully,

DIRECTOR

Encl: As above

Law College Road, Vikas Bhavan, P.O, Thiruvananthapuram - 695 033 Kerala, INDIA
Phone: (91-471) 2338077, 2334122, 2333124, 2331603 (office), (91-471) 2329854 (Director)
Fax: (91-471) 2329853, Web: anert.gov.in

Mail

COMPOSE

Inbox (303)
Starred
Important
Sent Mail
Drafts (28)
Follow up
Misc
Priority
More

Search people...

Aneesh S Prasad
CA to Director A...
Kollam District Of...
Manoharan J
Pathanamthitta D...
Premkumar K
Projects ANERT
Thrissur District ...
Valsaraj P
Premmanju R

Fwd: Introducing our Solar power fencing - reg.

Inbox

Director ANERT
to me

---------- Forwarded message ----------
From: **Guna Balan** <jaisunlightsystems@gmail.com>
Date: 18 December 2014 at 17:41
Subject: Introducing our Solar power fencing - reg.
To: director@anert.in

Dear Sirs,

Greetings to you and your team members.

We are manufacturers and installers of solar power fencing in Tamil Na and in Kerala.

We have already done this job to PRK Estates, GRT Estates and Woodb

We do produce the necessary accessories for fencing at our factory.

We would like to do solar power fencing work for your customers with men and material. OR we will give training to your people at your plac will carry out the fencing job works in future with our material.

Please comment on this and confirm your requirement. We are an upc establishment and hence we need your support to improve our busines

With best regards.

Gunabalan
09655972574

www.shreesolar.co.in

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

ANERT Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

District project office, wayanad

ഓർമ്മക്കുറിപ്പ്-1

നമ്പർ- 06/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി: 31-10-2014

ANERT
01 NOV 2014
Date 12032

പ്രേഷകൻ
പ്രോഗ്രാം ഓഫീസർ

സ്വീകർത്താവ്

ദി ഡയറക്ടർ
അനെർട്ട്, തിരുവനന്തപുരം

സർ,

വിഷയം:- 27/09/2014ലെ ഡി.ഡി.സി നിർദ്ദേശം സംബന്ധിച്ച്.
സൂചന:-1. 27-09-2014-ലെ ഡി.ഡി.സി മിനിട്സ് കോപ്പി വണ്ടിക-4
2. 18-10-2014-ന് ഫോൺമുഖാന്തിരം രജിസ്ട്രാർ അനെർട്ട്, മുഖ്യ ഓഫീസുമായി സംസാരിച്ചത്.
3. 08-10-2014-ന് മുഖ്യ ഓഫീസിൽ വന്ന് നേരിൽ സംസാരിച്ചത്
4. നമ്പർ- 06/ അനെർട്ട്/വയനാട്/ ഡി.ഡി.സി/ഡി.പി.ഒ /2014-15 തീയതി:18-10-2014

വയനാട് ജില്ലയിൽ അനെർട്ട് മുഖേന വന്യമൃഗശല്യത്തെ പ്രതിരോധിക്കാൻ സ്ഥാപിച്ച സൗരോർജ്ജ വേലികളുടെ തകരാറുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അനെർട്ട് വയനാട് ജില്ലാ ഓഫീസറെ അധികാരപ്പെടുത്തികൊണ്ടുള്ള തീരുമാനവും ഇതുസംബന്ധിച്ച് മുഖ്യ ഓഫീസിലേക്ക് അയക്കുന്ന കത്തിന്റെ കോപ്പി ജില്ലാകളക്ടർക്ക് ലഭ്യമാക്കണമെന്നുള്ള നിർദ്ദേശവും അടങ്ങിയ മിനിട്സിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അടുത്ത ഡി.ഡി.സി 25-10-2014-നാണ് അയതിനാൽ അടിയന്തര പ്രാധാന്യം നൽകേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

പകർപ്പ്
ജില്ലാ കളക്ടർ, വയനാട്

എന്ന്,

വിശ്വസ്തതയോടെ,

പ്രോഗ്രാം ഓഫീസർ

ഉള്ളടക്കം:
മിനിട്സ് കോപ്പി

KM8/180/3,Gudalai,kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: (91-4936-206216
Web:http://education.vsnl.com/anert email :anert@vsnl.com

File No. ANERT-ADM/36/2019-OA(HRM) (Computer No. 2117)
Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

17-10-14
156

നമ്പർ. 501/14/ഡിഡിസി/ഡിപിഒ/വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസ്,
വയനാട്, തീയതി. 09.10.14
ഫോൺ. 04936 - 202626

പ്രേക്ഷിതൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ.

സ്വീകർത്താവ്

The Project Officer
ANERT

സർ,

വിഷയം:- ജില്ലാ വികസന സമിതി യോഗ തീരുമാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- 27.09.2014 തീയതിയിലെ ജില്ലാ വികസന സമിതി യോഗത്തിന്റെ നടപടിക്രമങ്ങൾ

സൂചനയിൽ പരാമർശിച്ച ജില്ലാ വികസന സമിതി യോഗത്തിന്റെ തീരുമാനങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തങ്കളുടെ ഓഫീസ് മുഖേന നടപടിയെടുക്കേണ്ടതായ വിഷയം പരാമർശിക്കുന്ന ജില്ലാ വികസന സമിതി യോഗത്തിന്റെ മിനുട്സ് ഇതൊന്നിച്ച് അയക്കുന്നു. ആവശ്യമായ നടപടി എത്രയും പെട്ടന്ന് സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി ഈ ഓഫീസിലേക്ക് 18.10.14 ന് മുമ്പ് ലഭ്യമാക്കണമെന്നും താൽപര്യപ്പെട്ടുകൊള്ളുന്നു.

വിശ്വസ്തതയോടെ

ജില്ലാ പ്ലാനിംഗ് ഓഫീസർ

ഉള്ളടക്കം. മിനുട്സ്

File No. ANERT-ADM/36/2019-OA(HRM) (Computer No. 216)

Generated from eOffice by Deepthi R Nath, OA (HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 1:53 AM

27.09.2014 ന് രാവിലെ 10.30 മണിയ്ക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

വയനാട് ജില്ലാ വികസന സമിതിയുടെ സെപ്റ്റംബർ മാസത്തെ യോഗം 27.09.2014 ന് രാവിലെ 10.30 മണിയ്ക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ബഹു. ജില്ലാ കളക്ടർ ശ്രീ. കേശവേന്ദ്ര കുമാർ ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ബഹു. പട്ടിക വർഗ്ഗ യുവജന ക്ഷേമ വകുപ്പ് മന്ത്രി കുമാരി പി.കെ. ജയലക്ഷ്മി അവർകൾ, ബഹു. എം.എൽ.എ ശ്രീ. ഐ.സി. ബാലകൃഷ്ണൻ അവർകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എൻ.കെ. റഷീദ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. പി.കെ. അനിൽകുമാർ, നഗരസഭാ ചെയർമാൻ ശ്രീ.പി.പി. ആലി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. പി.കെ. അസ്മത്ത്, ബഹു. എം.പി. ശ്രീ. എം.ഐ. ഷാനവാസിന്റെ പ്രതിനിധി ശ്രീ. കെ.എൽ. പൗലോസ്, എ.ഡി.എം ശ്രീ.പി.വി. ഗംഗാധരൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ.കെ.ജി സജീവ് അവർകൾ എന്നിവരെ കൂടാതെ ഹാജർ പ്രകാരമുള്ള ജില്ലാതല വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു കൊണ്ട് യോഗ നടപടികൾ ആരംഭിച്ചു. തുടർന്ന് 2014 ആഗസ്റ്റ് മാസത്തെ പദ്ധതി പുരോഗതി അവലോകനം നടത്തി.

എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് യഥാസമയം പുരോഗതി റിപ്പോർട്ട് സമർപ്പിക്കാത്ത താഴെ പറയുന്ന വകുപ്പുകൾ ഓരോ മാസവും 10 നു മുമ്പ് തന്നെ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് പദ്ധതി പുരോഗതി റിപ്പോർട്ട് സമർപ്പിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

(1) ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
(2) എക്സി. എഞ്ചിനീയർ, ഐമെൻ ഇറിഗേഷൻ, സുൽത്താൻ ബത്തേരി.
(3) അസോസിയേറ്റ് ഡയറക്ടർ, RARS, അമ്പലവയൽ
(4) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ
(5) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)
(6) എക്സി. എഞ്ചിനീയർ, ഖാണ്ഡസുര സാഗർ പ്രോജക്ട്.

(നടപടി: ബന്ധപ്പെട്ട വകുപ്പുകൾ)

ആസൂത്രണ സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ വിവിധ വകുപ്പുകളിൽ ചില വകുപ്പുകൾ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ബഡ്ജറ്റ് വിഹിതം കൃത്യമായി രേഖപ്പെടുത്തിയില്ലായെന്നും, ആയതിനാൽ വിവിധ വകുപ്പുകൾ ബഡ്ജറ്റ് വിഹിതം കണക്കാക്കി പുരോഗതി റിപ്പോർട്ട് തയ്യാറാക്കി നൽകണമെന്നും ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു. കൂടാതെ ബഡ്ജറ്റ് വിഹിതം കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്ത വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

File No. ANERT-ADM/36/2019-OA(HRM) Computer No. 2177

Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 26/02/2026 11:53 AM

ജില്ലയിലെ എല്ലാ വകുപ്പ് തല ഉദ്യോഗസ്ഥൻമാരും മറ്റ് യോഗങ്ങൾ മാറ്റിവെച്ച് എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച നടക്കുന്ന ജില്ലാ വികസന സമിതി യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

വിവിധ വകുപ്പുകൾ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഫിനാൻഷ്യൽ പുരോഗതിയോടൊപ്പം ഫിസിക്കൽ പുരോഗതിയും കൂടി ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകി. മേൽ നിർദ്ദേശത്തിനനുസരിച്ച് വിവിധ വകുപ്പുകൾ പദ്ധതി പുരോഗതി റിപ്പോർട്ട് തയ്യാറാക്കി എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് സമർപ്പിക്കണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

(നടപടി: വിവിധ വകുപ്പുകൾ)

വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ മാസവും ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ജില്ലാ ആസൂത്രണ സമിതി മെമ്പർമാർ ബ്ലോക്ക് തലത്തിൽ പുരോഗതി അവലോകനം ചെയ്യുന്നതാണെന്നും അദ്ധ്യക്ഷൻ അറിയിച്ചു. കൂടാതെ പദ്ധതി പുരോഗതി കുറവായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പുരോഗതി നിരക്ക് ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

(നടപടി: ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്)-

മാനന്തവാടിയിലെ വെള്ളമുണ്ട പഞ്ചായത്തിലെ ജോസ് കാഞ്ഞിരപ്പാറ കൺസ്യൂമർ നമ്പർ 11771 എന്ന വ്യക്തിയുടെ വൈദ്യുതി ബില്ലിൽ വന്ന പാകപ്പിഴകളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് കെ.എസ്.ഇ.ബിക്ക് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: എക്സി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, മാനന്തവാടി)

വയനാട് ജില്ലയിൽ വന്യമൃഗ ശല്യത്തെ പ്രതിരോധിക്കുന്നതിനായി സ്ഥാപിച്ച സൗരോർജ്ജ വേലികൾ തകരാറിലായതിനെ സംബന്ധിച്ച് അദ്ധ്യക്ഷൻ ആരാഞ്ഞു. സൗരോർജ്ജ വേലികൾ സ്ഥാപിച്ച സ്ഥലങ്ങളിലെ തകരാറുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ജില്ലാ ഓഫീസർ, ആനർട്ടിനെ ചുമതലപ്പെടുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഹെഡ് ഓഫീസിലേക്ക് അറിയിക്കുന്നതോടൊപ്പം അതിന്റെ കോപ്പി ജില്ലാ കളക്ടർക്ക് ലഭ്യമാക്കണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

(നടപടി: ജില്ലാ ഓഫീസർ, ആനർട്ട്)

വയനാട് ജില്ലയിലും പരിസര പ്രദേശങ്ങളിലും റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബഹു. മന്ത്രി ആരാഞ്ഞു. കരാറുകാർ നടത്തി വന്ന പ്രവൃത്തിയായ മഴയും കാനികളിൽ അടിക്കടിയുണ്ടായ സമരവും കാരണമാണ് റോഡ് അറ്റകുറ്റപ്പണികൾ നടത്താതിരുന്നതെന്ന് എക്സി. എഞ്ചിനീയർ, പി.ഡബ്ലു.ഡി. (റോഡ്സ്) അറിയിച്ചു. ജില്ലയിലെ പ്രധാന റോഡുകളിലെ കുഴികൾ അടയ്ക്കുന്നത് അടിയന്തിര ആവശ്യമായി കണക്കിലെടുത്ത് പരിഹരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. കമ്പളക്കാട്, വൈത്തിരി, കൽപ്പറ്റ, മാനന്തവാടി, കണിയാമ്പറ്റ ടൗണുകളിലെ റോഡുകളിലെ

File No. ANERT/ADM36/2019-OA(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA(HRM), ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 20/02/2026 11:53 AM

കുഴികൾ എത്രയും പെട്ടെന്ന് അടയ്ക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. റോഡുകളുടെ താൽക്കാലിക കുഴി അടയ്ക്കുന്ന പ്രവൃത്തികൾ നടത്തുമ്പോഴുള്ള ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് പത്ര കുറിപ്പ് നൽകണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.(റോഡ്സ്))

കൽപ്പറ്റ ടൗണിലെ ഫുട്പാത്തുകൾ തകരാറിലായതിനെ സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നു വരുന്ന സാഹചര്യമാണുള്ളതെന്ന് മുനിസിപ്പൽ ചെയർമാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടൗണുകളിലെ തകർന്ന ഫുട്പാത്തുകളും, നാഷണൽ ഹൈവേയിലുള്ള തകർന്ന റോഡുകളും അടിയന്തിരമായി നന്നാക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: അസി. എഞ്ചിനീയർ, നാഷണൽ ഹൈവേ)

കൽപ്പറ്റ ബൈപ്പാസിൽ ഫുട്പാത്തിന് വേണ്ടിയും, മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ നല്ല പാർക്കിംഗ് സ്ഥലം വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയും പുതിയ പ്രപ്പോസൽ തയ്യാറാക്കണമെന്നും കൽപ്പറ്റ ബൈപ്പാസിൽ ട്രാഫിക് ജംഗ്ഷൻ ആരംഭിക്കുന്നിടത്ത് ആവശ്യമായ സിഗ്നലുകളും, ഡിവൈഡറുകളും സ്ഥാപിക്കണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (റോഡ്സ്))

വളരെ മോശം കെട്ടിടമുള്ള ആദിവാസി സ്കൂളുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി കൊടുക്കാൻ വേണ്ട രീതിയിൽ ഫണ്ട് ഉപയോഗപ്പെടുത്തണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

(നടപടി: ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ)

ജില്ലയിൽ +2 പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം ലഭ്യമാക്കാൻ ബഹു. മന്ത്രി നിർദ്ദേശം നൽകി കൂടാതെ ആർ.എം.എസ്.എ സ്കൂളുകളിൽ ആവശ്യമായ സൗകര്യം ഒരുക്കുന്നതിനും സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

(നടപടി: ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം)

വയനാട് ജില്ലയിൽ നിലവിലുള്ള ഡോക്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അട്ടപ്പാടി മാതൃകയിൽ കൂടുതൽ വേതനം നൽകി ഡോക്ടർമാരെ നിയമിക്കാനുള്ള സാധ്യതകൾ പരിശോധിക്കാൻ യോഗം തീരുമാനിച്ചു. കൂടാതെ ഡോക്ടർമാർക്ക് ലീവ് അനുവദിക്കുന്നത് ബന്ധപ്പെട്ട സംവിധാനം ഒരുക്കിയതിന് ശേഷം മാത്രമേ ആകാവൂ എന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്)

File No. ANERT/ADM/06/2019/Admin(1) - (Complete) No. 3(6)
Generated from eOffice by Deepthi S Nair, CMD, ANERT, CMD, ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:55 AM

തവിഞ്ഞാൽ പഞ്ചായത്തിൽ വാളാട് എന്ന സ്ഥലത്ത് ഒരു മാസമായി ജലം ലഭ്യമല്ലാത്ത സാഹചര്യത്തെ സംബന്ധിച്ച് മന്ത്രി ആരാഞ്ഞപ്പോൾ പമ്പ് സെറ്റ് തകരാറിലായതു കൊണ്ടാണ് ജല വിതരണം മുടങ്ങിയതെന്നും ഇപ്പോൾ ജല വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടു വരണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി. വയനാട് ജില്ലയിലെ നടപ്പ് വർഷത്തെ വിവിധ ഫണ്ടുകൾ ലാപ്സാക്കാൻ അനുവദിക്കാതെ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു.

(നടപടി: പ്രൊജക്ട് ഓഫീസർ, ഐ.ടി.ഡി.പി, ടി.വി.ഒ ബത്തേരി, ടി.ഡി.ഒ, മാനന്തവാടി, ജില്ലാ ഓഫീസർ, പട്ടികജാതി വികസന വകുപ്പ്)

തൊണ്ടർനാട് എസ്റ്റേറ്റിന് സമീപമുള്ള പട്ടിക ജാതി കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും, ഭവന നിർമ്മാണത്തിനും, ടോയ്ലെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുന്ന മിനഃവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: ജില്ലാ ഓഫീസർ, പട്ടികജാതി വികസന വകുപ്പ്)

സംസ്ഥാനത്ത് പട്ടിക വർഗ്ഗ വകുപ്പിന് കീഴിൽ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം സർക്കാർ 12,000 വീടുകളാണ് അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വയനാട് ജില്ലയിൽ അനുവദിക്കുന്ന വീടുകളിൽ ശൂചിത്വ മിഷനും, എം.ജി.എൻ.ആർ.ഇ.ജി.എയുമായി ആലോചിച്ച് ശൂചീകരണ സംവിധാനങ്ങൾ ഒരുക്കാൻ വേണ്ട പ്രൊപ്പോസൽ തയ്യാറാക്കാൻ മന്ത്രി നിർദ്ദേശം നൽകി.

(നടപടി: ജില്ലാ കോർഡിനേറ്റർ, സമ്പൂർണ്ണ ശൂചിത്വ മിഷൻ)

കഴിഞ്ഞ വർഷം വയനാട് ജില്ലയ്ക്ക് ടോയ്ലെറ്റ് നിർമ്മാണത്തിനായി രണ്ടര കോടി രൂപ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: പ്രൊജക്ട് മാനേജർ, ജില്ലാ നിർമ്മിതി കേന്ദ്ര)

വയനാട് ജില്ലയിൽ ബി.പി.എൽ വിഭാഗക്കാർക്ക് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനായി 1000 വൈദ്യുത പോസ്റ്റുകളുടെ കുറവുണ്ടെന്ന് എക്സി. എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം വൈദ്യുത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്താമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പി.വി.ടി.ജി ഫണ്ടിലെ 52 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് സമർപ്പിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. നിലവിൽ പഞ്ചായത്തുകളും പട്ടിക വർഗ്ഗ വികസന വകുപ്പുകളും വയറിംഗ് പ്രവൃത്തികൾക്കായി 4,000/- രൂപയാണ് അനുവദിക്കാനുള്ളത്. ഇപ്പോൾ ഇ.എൽ.സി.ബി വയറിംഗ് നിർബന്ധമാക്കിയതിനെ തുടർന്ന് പ്രസ്തുത തുകയേക്കാൾ കൂടുതൽ വയറിംഗ് പ്രവൃത്തികൾക്ക് വേണ്ടി വരുന്നതിനാൽ, അധികം വരുന്ന തുക

File No. ANERT-ADM/38/2018-OA(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

കോർപ്പസ് ഫണ്ടിൽ വകയിരുത്തി നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കുവാൻ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: എക്സി. എഞ്ചിനീയർ, കെ.എസ്.ഇ.ബി)

പി.വി.ടി.ജി ഫണ്ടിലെ കുടിവെള്ള പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച് ബഹു. മന്ത്രി ആരാഞ്ഞു. ആകെ പി.വി.ടി.ജി ഫണ്ടിൽ 54 വർക്കുകളാണുള്ളതെന്നും അതിൽ 9 വർക്കുകൾ അവാർഡ് ചെയ്തെന്നും എക്സി. എഞ്ചിനീയർ, വാട്ടർ അതോറിറ്റി അറിയിച്ചു. ഡിസംബർ 31 നുള്ളിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി)

എം.ജി.എൻ.ആർ.ഇ.ജി.എ യിൽ മെറ്റീരിയൽ കോസ്റ്റ് ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ച് ബഹു. എം.പിയുടെ പ്രതിനിധി ശ്രീ. കെ.എൽ. പൗലോസ് ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷം 45% മെറ്റീരിയൽ കോസ്റ്റ് ഉപയോഗിക്കാമെന്ന് ശ്രീ. പി.കെ. അസ്മത്ത് യോഗത്തിൽ അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി പഞ്ചായത്ത് പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചു ചേർക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിന്റ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ)

കെ.എ.ഫ്.ഡി പദ്ധതി പഞ്ചായത്തുകളിൽ ട്രൈബൽ സൊസൈറ്റി വഴി കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എ, ഐ.ടി.ഡി.പി, ശുചിത്വ മിഷൻ, വനം വകുപ്പ് എന്നിവരുടെ സഹായത്തോടെ വിദഗ്ധരായ പട്ടിക വർഗ്ഗക്കാരായ തൊഴിലാളികളെ ഉപയോഗപ്പെടുത്തി നടപ്പാക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി. വിദഗ്ധരായ പട്ടിക വർഗ്ഗക്കാരുടെ ലിസ്റ്റ് തയ്യാറാക്കാനും, വൈദഗ്ധ്യം കൂടുവുള്ള പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് മുൻഗണന നൽകണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.

(നടപടി: ബന്ധപ്പെട്ട വകുപ്പുകൾ)

സുഗന്ധഗിരി പ്രൊജക്ടിൽ കൊടുവള്ളി ആസ്ഥാനമായ ട്രസ്റ്റ് ജില്ലക്കകത്തു നിന്ന് പഴം, പച്ചക്കറികൾ സംഭരിക്കുന്നതിനു പകരം സംസ്ഥാനത്തിന് പുറത്ത് നിന്നാണ് പഴം, പച്ചക്കറികൾ എന്നിവ സംഭരിക്കുന്നതെന്നും ജില്ലയിലെ കർഷകർക്കും ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ലെന്നുമുള്ള പരാതി ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ)

കമ്പനി നദീജലം ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്ക ഒഴിവാക്കുന്നതിനായി പ്രത്യേക റിപ്പോർട്ട് നൽകണമെന്ന അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: ജില്ലാ ഇൻഫർമേഷൻ ഓഫീസർ)

File No. ANERT-ADM/36.2019-OA(THRM) ANERT, OA(THRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2025 11:53 AM
Generated from eOffice by Deepthi P Nath, OA(THRM), ANERT, OA(THRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2025 11:53 AM

വയനാട് ജില്ലയിലെ കർഷകർക്ക് വിള ഇൻഷുറൻസിന്റെ പ്രയോജനം ലഭ്യമാക്കണമെന്നും പ്രകൃതി ദുരന്തത്തെ തുടർന്നോ, കീട ബാധയെ യുടർന്നോ കൃഷി നാശം സംഭവിച്ചാൽ നഷ്ട പരിഹാരം കണക്കാക്കുന്നത് കൃഷി വകുപ്പ് മുഖേന ആയിരിക്കണമെന്നും യോഗം തീരുമാനിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസ് നിലവിൽ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ സ്ഥല പരിമിതി മൂലം കേരള മെഡിക്കൽ സപ്ലൈ കോർപ്പറേഷന്റെ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് യോഗം തീരുമാനിച്ചു. മാനന്തവാടി ജില്ലാ ആശുപത്രി കോമ്പൗണ്ടിലുള്ള പഴയ റസ്റ്റ് ഹൗസിന്റെ 86 സെന്റ് സ്ഥലം കൂടി ഉൾപ്പെടുത്തി ആശുപത്രിയും റോഡും നവീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

(നടപടി: എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (ബിൽഡിംഗ്സ്)

നിർമ്മാണ മേഖലയിൽ അസംസ്കൃത വസ്തുക്കൾക്കുള്ള ക്ഷാമം ഒഴിവാക്കുന്നതിനായി സർക്കാരിന്റെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽകാലികമായി 4 മാസത്തേക്ക് ക്വാറികൾക്ക് അനുമതി നൽകണമെന്ന് ബഹു. എം.എൽ.എ ഐ.സി. ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു.

റിവർ മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമാക്കുന്നതിനു വേണ്ടി ജില്ലാതല കമ്മിറ്റി വിളിച്ചു ചേർക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗം തീരുമാനിച്ചു.

2013-14 ലെ ആരോഗ്യ കേരള പുരസ്കാരം രണ്ടാം സ്ഥാനം കരസ്ഥമാക്കിയ വയനാട് ജില്ലാ പഞ്ചായത്തിനെ ജില്ലാ വികസന സമിതി യോഗം അനുമോദിച്ചു.

യോഗം ഉച്ചയ്ക്ക് 01.00 മണിയ്ക്ക് അവസാനിച്ചു.

ജില്ലാ കളക്ടർ

അംഗീകാരത്തോടെ,

ജില്ലാ പ്ലാനിംഗ് ഓഫീസർ

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)
District project office, wayanad

Reminder-1

No:23/ANERT/WD/SPV Fencing/12-13 Dt:31/10/2014

ANERT
01 NOV 2014
Date.....1203/....

From,
Programme Officer
District Office
ANERT, Wayanad

To,
Thr Director
ANERT, Thiruvananthapuram

Sir,

Sub:- Executing Supplementary Agreement and providing explanation of Non-compliance of former agreement conditions.

Ref:- 1). No 3701/SFSW/ANERT/2012 dt 12/09/2014
2). No 3701/SFSW/ANERT/2012 dt. 21/03/2014
3). Agreement executed between Director ANERT & District Panchayath Wayanad 31/03/2014
4). No:23/ANERT/WD/SPV Fencing/12-13 Dt:18/10/2014

As per reference No. 1 under the direction of Director ANERT I had attend the meeting at District Panchayath President's Chamber on 16/09/2014 and I handed over the letter which was sent by the ANERT Head Quarters to them. In the meeting several complaints made by the public were discussed. The committee noticed violations to the agreement conditions namely

Agreement clause 06: The approved estimate under no circumstances be altered.

Violation 1 : The SLTAG approved estimate has been changed

Agreement Clause 07:- while implementing the project any changes on the estimate during any stage of The work must be under the guidance of District Panchayat. Any extra charges incurred by these changes will be provided by the District Panchayath

Violation 2: No communication was held before amending the estimate

KM8/180/3,Gudalai,kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: (91-4936-206216
Web:http://education.vsnl.com/anert email :anert@vsnl.com

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

District project office, wayanad

Violation 3:- No intimation was provided to the district panchayath nor to the district ANERT office Agreement Clause 12:- The district panchayat has to organize a monitoring committee to evaluate the progress of the work. The committee has the right to inspect the work premises, collect sufficient data and these facilities need to be arranged by personals executing the project. The recommendations of the monitoring committee should be legally fulfilled.

Violation 4: No communications was ever made to the monitoring committee on any stages of the work;

Agreement clause : 15: Upon the completion of the project the copy of the final invoice, performance report and completion report must be submitted to the District Panchayath office within 2 weeks.

Violation 5: Project based completion certificates, final bill and performance report was never

Submitted to the District Panchayath till date

As per the 3701/SFSW/ANERT/2012 dt. 04/05/2013 The director ANET entrusted Sri. P Jayachandran Nair, District Engineer, Malappuram to inspect and quality assurance of the works and he is instructed to report the progress of the work during every fortnight to the director. Thereafter no communication is made to district office by the concerned persons on above regard.

The committee demanded a written explation regarding these above violations and same may be provided by the Head Quarters. Instuctions may be given to the concerned person to furnish necessary explanations and may be provided to the district panchayat at the earliest.

Regarding the solar fencing work concerned, the District ANERT office has no pivotal role in executing or commissioning or inspecting or reporting of the project while all the proceedings are presently held in ANERT Head Quarters. Hence it is highly advisable that the office may directly incorporate the officials who are presently in charge of this project. Hence I humbly request you to kindly relieve me from this assignment and direct the person who is in charge to proceed with the same.

Yours faithfully

Programme Officer

KM8/180/3, Gudalai, kalpetta, PO, wayanad Dist. – 673121 Kerala, INDIA
Phone: 91-4936-206216
Web:http://education.vsnl.com/anert email :anert@vsnl.com

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)
District project office, wayanad

നമ്പർ- 13/ അനെർട്ട്/വയനാട്/ സോളാർ ഫെൻസിംഗ്/-2013-14 തീയതി: 11-09-2014

ANERT
12 SEP 2014
Date...10952

പ്രേഷകർ
പ്രോഗ്രാം ഓഫീസർ

സ്വീകർത്താവ്
ഡയറക്ടർ
അനെർട്ട്
തിരുവനന്തപുരം

സർ,

വിഷയം:- ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ ഫെൻസിംഗ് ഇവാലുവേഷൻ മീറ്റിംഗ് - സംബന്ധിച്ച്

സൂചന:- ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26/08/2014 തീയതിയിലെ DP 15/613/12 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചനയിൽ ആവശ്യപ്പെട്ടതിൻ പ്രകാരം 16-09-2014-ന് ജില്ലാ പഞ്ചായത്ത് വിളിച്ചുചേർത്ത മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ഫെൻസിംഗുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കിത്തരണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

പ്രോഗ്രാം ഓഫീസർ

ഉള്ളടക്കം
സൂചന കത്ത്

പകർപ്പ്
ജില്ലാ പഞ്ചായത്ത്

Received on
11/09/14
3:30 pm

വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി.ഒ.

E-mail:www.dpwynd@gmail.com

ഫോൺ: 202280
ഫാക്സ് 04936 - 202480
സിവിൽ സ്റ്റേഷൻ
കൽപ്പറ്റ നോർത്ത്

സെക്രട്ടറി
ജില്ലാ പഞ്ചായത്ത്
വയനാട്

"രണഭേരി-മാതൃഭേരി"

നമ്പർ ഡി.പി.15/613/12 തീയതി: 26.08.2014

ഡയറക്ടർ,
അനർട്ട്, തിരുവനന്തപുരം.

സർ,

വിഷയം:- വയനാട് ജില്ലയിൽ 17 കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം- സംബന്ധിച്ച്.

സൂചന:- (1) ശ്രീ.റോയ്.പി.തോമസ്, മഠപ്പുട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സുൽത്താൻബത്തേരിയുടെ W(6)4802/14 നമ്പർ കത്ത് തീയതി.23.6.14.
(2) കൊളവള്ളി പാടശേഖര സമിതി മുള്ളൻകൊല്ലിയുടെ അപേക്ഷ തീയതി.20.6.14
(3) വയനാട് ജില്ലാ പഞ്ചായത്തിന്റെ 08.08.2014-ലെ 58/14(3), 58/14(19) നമ്പർ തീരുമാനങ്ങൾ

----000----

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. വയനാട് ജില്ലയിൽ 17 കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം എന്ന പദ്ധതിയുടെ ഭാഗമായി കോളനികളിൽ സ്ഥാപിച്ച സൗരോർജ്ജവേലികളുടെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ചും, പ്രസ്തുത വേലികൾ കാട്ടാന തുടങ്ങിയ വന്യജീവികൾ തകർക്കുകയും കൃഷികൾക്കും നിർദ്ധനരായ കർഷകരുടെ ജീവനു ഭീഷണിയാവുകയും ചെയ്യുന്നതിനെ സംബന്ധിച്ച് സൂചന (1), (2) പ്രകാരവും പത്രമാധ്യമങ്ങളിലൂടെയും നിരവധി പരാതികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ മേൽ അപേക്ഷ വയനാട് ജില്ലാ പഞ്ചായത്ത് ജനറൽ സമിതിയിൽ ചർച്ചചെയ്തതിൽ അനർട്ട് അധികൃതരും പ്രവൃത്തി നടപ്പിലാക്കുന്ന കോൺട്രാക്ടർമാരുമായി ചർച്ച ചെയ്ത് പ്രവൃത്തി സംബന്ധിച്ച് ഇവാല്യൂവേഷൻ നടത്തുന്നതിനും തുടർ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും സൂചന (3) പ്രകാരം തീരുമാനമായിട്ടുണ്ട്.

File No. ANERT-ADM/36 2019-DAILY MAIL Complete No. 21(7)

Generated from eOffice by Deepthi P Nair, DA-I (HRM), ANERT, O/o(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 27/02/2020 11:53 AM

മേൽ സാഹചര്യത്തിൽ കൊളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 16/9/2014-ന് രാവിലെ 11 മണിക്ക് വയനാട് ജില്ലാ പഞ്ചായത്തിൽ വച്ച് ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ പ്രവൃത്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട്, ചിലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ, കരാറുകാരനുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ്, പുതുക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ സഹിതം താങ്കളോ/താങ്കളുടെ പ്രതിനിധിയോ ഹാജരാകുവാനും യോഗം സംബന്ധിച്ച വിവരം (തീയതി) കരാറുകാരനെ അറിയിക്കുവാനും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്

ഉള്ളടക്കം:- സൂചന 1,2,3 ന്റെ പകർപ്പുകൾ
(അറിവിലേക്കായി)

പകർപ്പ്:- ജില്ലാ ഓഫീസർ,
ആനർട്ട്, വയനാട്

File No: ANERT-AGM06-2019-OA(HRM)(Computer No: 2177)
Generated from eOffice by Deepthi P Nath - OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 1:55 AM

"ഭരണഭാഷ - മാതൃഭാഷ"

ഷിജു പി.തോമസ്.IFS.,
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്‌ലൈഫ് വാർഡൻ.

email: ww-wynd@for.kerala.gov.in
wayanadwarden@gmail.com.

നം.വൈല്ല്യു (6) 4802/14/ തീയതി . 23.06.2014

പ്രസിഡന്റ്/ സെക്രട്ടറി,
ബ്ലില്ലാ പഞ്ചായത്ത്,
കൽപ്പറ്റ.

സർ,

വിഷയം:- മുത്തങ്ങ റെയ്ഞ്ചിലെ തോട്ടാമൂല ഭാഗത്ത് വന്യജീവി ശല്യം രൂക്ഷമായത് -സംബന്ധിച്ച്

സൂചന:- 1). തോട്ടാമൂല നിവാസികളുടെ 19.06.2014 ലെ നിവേദനം.
2). അസി:വൈൽഡ്‌ലൈഫ് വാർഡൻ മുത്തങ്ങയുടെ 21.06.2014 ലെ റിപ്പോർട്ട്

*****

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് വൈൽഡ്‌ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയ്ഞ്ചിലെ തോട്ടാമൂല ഭാഗത്ത് 2013 - 14 വർഷത്തിൽ വയനാട് ബ്ലില്ലാ പഞ്ചായത്ത് സോളാർ പവർ ഫെൻസിംഗ് നിർമ്മിച്ചിരുന്നു. വനം വകുപ്പ് നിർവ്വഹിച്ച ട്രഞ്ചിന്റെ ഒരുവശത്ത് കൂടി നിർമ്മിച്ച വൈദ്യുത കമ്പിവേലി പ്രവർത്തനം നിലച്ച് ഉപയോഗശൂന്യമായതായി തീർന്ന്. വന്യജീവികൾ കൃഷിയിടങ്ങളിൽ കടന്ന് വ്യാപകമായ രീതിയിൽ കൃഷി നശിപ്പിക്കുന്നു. അമ്പലം കുന്ന് തോട്ടാമൂല പാവല വരെ വരുന്ന 2525 മീറ്റർ ഫെൻസിംഗിനു നിലവിൽ ഒരു ബാറ്ററിയും ഒരു ചാർജ്ജറും ഒരു എനർജൈസറും ആണ് ഉപയോഗിക്കുന്നത്. അഞ്ച് ലൈനുകളിലായി വലിച്ചിട്ടുള്ള ഈ ഫെൻസിംഗ് കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ഇനിയും ഒരു ബാറ്ററിയും ഒരു പാനലും ഒരു എനർജൈസറും കൂടി വേണ്ടി വരുമെന്നാണ് ഫെൻസിംഗ് പ്രവൃത്തികൾ ചെയ്ത് പരിചയമുള്ള വിദഗ്ദരുടെ നിർദ്ദേശം. മന്നരകിലോമീറ്ററിൽ കൂടുതൽ ദൂരം ഒരു എനർജൈസർ ഉപയോഗിച്ച് ഫെൻസിംഗ് പ്രവർത്തിപ്പിക്കുമ്പോൾ വേണ്ടത്ര പവ്വർ കിട്ടാത്തതിനാൽ വലിയതോതിൽ വന്യജീവികൾ തോട്ടങ്ങളിൽ കടക്കുന്നു.

File No. ANERT-ADM-05289-2/2019-ADMN (Computer No. 207)
Generated from eOffice by Deepthi R Nair, GAI-HRM, ANERT, GAI-HRM, ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 07/02/2020 11:53 AM

നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫെൻസിംഗ് തീർത്തും ഉപയോഗശൂന്യമായി പോയിരിക്കുകയാണ്. ആയതിനാൽ രൂക്ഷമായ വന്യജീവി ശല്യത്തിന് പരിഹാരം കാണുന്നതിന് വേണ്ടി പ്രദേശവാസികളുമായി മുന്നോട്ട് വരുവാനും തൊട്ടാമുല നിവാസികൾ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തൊട്ടാമുലയിലെ ഫെൻസിംഗ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ താങ്കൾ അടിയന്തിര മായി സ്വീകരിക്കുന്നതിന് വേണ്ടി താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ് : ശ്രീ.കെ.വി.ശശി, ജില്ലാ പഞ്ചായത്ത് മെമ്പറുടെ അറിവിലേക്ക്.
അടിയന്തിര നടപടിയ്ക്കായി അയക്കുന്നു.

ഫോർവേഡ്

File No. ANERT/A90/38/2019-OA(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 26/02/2020 11:53 AM

കൊളവള്ളി പാടശേഖര സമിതി

രജി. നമ്പർ: 362/30

ചി. ഒ. സീതാമൗണ്ട് - 673579, മുള്ളൻകൊല്ലി, വയനാട്

പ്രസിഡന്റ്: പി.യു.ജോർജ് കെ.ഇ.

തീയതി 20/06/14

സെക്രട്ടറി: വർഗ്ഗീസ് സി.പി

1483/14

0914

PP-15

ജില്ലാ എക്സിക്യൂട്ടീവ്,
അനർട്ട്,
കൽപ്പറ്റ 673121

വിഷയം:- സോളാർ ഫെൻസിങ് റിപ്പയർ സംബന്ധിച്ച്.
സൂചന:- 23.5.2014-ന് ഇവിടെ നിന്നും അങ്ങേയ്ക്ക് അയച്ച കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കൊളവള്ളി പാടശേഖരസമിതിയുടെ കീഴിൽ കബനി നദിയിൽനിന്ന് രണ്ടാംഘട്ട പമ്പ്ഹൗസ് മുതൽ മാനള്ളി കവല വരെ സ്ഥാപിച്ചിട്ടുള്ള ഏകദേശം 2½ കിലോമീറ്റർ ദൂരമുള്ള സൗരോർജ്ജവേലി പലവട്ടം ആനകൾ തകർത്തെങ്കിലും, പാവപ്പെട്ട കർഷകർ സ്വമേധയാ റിപ്പയർചെയ്ത് ഇതുവരെയും പരിപാലിച്ചു പോന്നുകൊണ്ടിരുന്നു. എന്നാൽ കഴിഞ്ഞ മാസത്തിലുണ്ടായ ആനകളുടെ ആക്രമണത്തിൽ സൗരോർജ്ജ വേലി പലയിടങ്ങളിൽ ഒരേസമയം തകർക്കപ്പെട്ടത് അനർട്ടിൽ മേൽസൂചനപ്രകാരം കത്ത് നൽകി അറിയിച്ചിരുന്നെങ്കിലും ഇതുവരെയും നടപടികൾ കണ്ടും കാണാത്തതിനാൽ പാടശേഖരസമിതിയിലെ അംഗങ്ങളായ ശ്രീ.ജോസ് നീറാനാനിക്കൽ, ശ്രീ.പൈലി ഇലഞ്ഞിക്കുഴിയിൽ എന്നിവർ ബത്തേരിയിൽ പ്രവർത്തിക്കുന്ന കോൺട്രാക്ടറുടെ ഓഫീസിൽ പോവുകയും കോൺട്രാക്ടറെ നേരിൽ കാണുകയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിന് മുമ്പ് പലവട്ടം ഇദ്ദേഹത്തെ ബന്ധപ്പെടുവാൻ ശ്രമിച്ചപ്പോഴെല്ലാം ഇദ്ദേഹം ഞങ്ങളുടെ പരാതികളെ അവഗണിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ നേരിൽ കണ്ടപ്പോൾ അദ്ദേഹം സൗരോർജ്ജവേലിക്ക് ഗാരണ്ടി ഒന്നുമില്ലെന്നും, ചെടുവന്നാൽ സ്വയം നന്നാക്കി ഉപയോഗിക്കേണ്ടതാണെന്നും, അനർട്ടുമായി വാറണ്ടിയുമായി ബന്ധപ്പെട്ട് ഒരു കരാറും ഉണ്ടാക്കിയിട്ടില്ലെന്നും, അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരു കിലോമീറ്ററോളം സർവ്വീസ് ചെയ്യുന്നതിനുള്ള പുതിയ സാധനസാമഗ്രികൾ സ്വന്തം ചിലവിൽ അയാൾ എഴുതി തന്ന ബില്ലുപ്രകാരം തുകയുടെ പകുതികൊടുത്ത് ഞങ്ങൾ വാങ്ങുകയുംചെയ്തു.

ഇതെല്ലാം കഴിഞ്ഞിട്ടും അനർട്ടിൽ നിന്നോ കോൺട്രാക്ടറിൽ നിന്നോ നടപടികൾ ഒന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ, ഞങ്ങൾ വാങ്ങിയ സാധനസാമഗ്രികൾ ഉപയോഗിച്ച്, ഞങ്ങളാൽ കഴിയും വണ്ണം, ഞങ്ങളുടെ അറിവും കഴിവും അനുസരിച്ച്, നിലവിലുള്ള സൗരോർജ്ജവേലി പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾക്ക് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു.

ഈ സൗരോർജ്ജവേലി വിനിയോഗിച്ച് ഈ പാടശേഖരസമിതിയിലുള്ള 120 കർഷകർ അവരുടെ ധനവും അദ്ധ്വാനവും ചേർത്ത് കൃഷി ചെയ്തത് ഏതാണ്ടുള്ള നഷ്ടം ഏകദേശം 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ) വരുമെന്നപ്പെട്ട അനർട്ട് ഡയറക്ടർ ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും വസൂലാക്കി തരണമെന്നും, കോതിനടപടികളിൽ ഞങ്ങൾക്ക് പോകേണ്ടി വരുന്നത് ഒഴിവാക്കി തരണമെന്നും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു.

കോൺട്രാക്ടർ സൂചിപ്പിച്ച പ്രകാരം ഈ സൗരോർജ്ജവേലിയ്ക്ക് വാറണ്ടി, ഗാരണ്ടി എന്നിവ ഇല്ലെങ്കിൽ ആയത് അറിയിക്കണമെന്നും, ഉണ്ടെങ്കിൽ ആയത് എത്രകാലത്തേയ്ക്ക് ആണെന്നും, അനർട്ടുമായി കോൺട്രാക്ടറുടെ എഗ്രിമെന്റിന്റെ കോപ്പി ഞങ്ങൾക്ക് ലഭ്യമാക്കി തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

എന്ന്,
വിശ്വസ്തതയോടെ,

സീതാമൗണ്ട്,
20.06.2014.

പകർപ്പുകൾ

1. ഡയറക്ടർ,അനർട്ട്, വികാസ് ഭവൻ പി.ഒ, തൈക്കാട് റോഡ്, തിരുവനന്തപുരം.
2. സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്,കൽപ്പറ്റ പി.ഒ,വയനാട്
3. ഡയറക്ടർ,എക്സ്പാടെക് ഇക്കോടെക്നിക്സ്, മുഴിയിൽ കോപ്ലക്സ്,സുൽത്താൻബത്തേരി

File No. ANERT-ADM-36/2019-OA(HRM) (Computer No.217)

Generated from eOffice by Deepthi R Nair, OA(HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2020 11:53 AM

വയനാട് ജില്ലാപഞ്ചായത്ത്
08.08.2014 തീയതി നടന്ന സാധാരണ മീറ്റിംഗിലെ
58/14(3) നമ്പർ തീരുമാനം.

അജണ്ട:8 : കത്തുകളും അപേക്ഷകളും

തീരുമാനം നമ്പർ: 58/14(3)തീയതി 08.08.2014

വയനാട് വൈൽഡ്‌ലൈഫ് ഡിവിഷനിൽ മുത്തങ്ങ റേഞ്ചിലെ തോട്ടാമൂല ഭാഗത്ത് 2013-14 വർഷത്തിൽ സ്ഥാപിച്ച സോളാർ പവർഫെൻസിംഗ് തകരാറിലായിരിക്കുകയാണെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ.റോയ് പി. തോമസ്, ഐ.എഫ്.എസ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ/വൈൽഡ് ലൈഫ്, സുൽത്താൻ ബത്തേരിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. ആയതിൽ മേൽ പ്രകാരമുള്ള ഫെൻസിംഗ് പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ ഒരു ബാറ്ററിയും ഒരു പാനലും ഒരു എനർജൈസറും ഉപയോഗിച്ചാണെന്നും 2525 മീറ്റർ നീളമുള്ള പ്രസ്തുത ഫെൻസിംഗ് പ്രവർത്തിപ്പിക്കുന്നതിന് ഒരു ബാറ്ററിയും എനർജൈസറും പാനലും കൂടി ആവശ്യമാണെന്നതിനാൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിഷയം യോഗം വിശദമായി ചർച്ച ചെയ്തു. അനർട്ട് അധികൃതരെ വിളിച്ച് മേൽ പ്രവൃത്തി സംബന്ധിച്ച ഇവാലുവേഷൻ നടത്തുന്നതിനും ആയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.

(ഒപ്പ്)
പ്രസിഡണ്ട്

//ശരിപ്പകർപ്പ്//

സെക്രട്ടറി

File No: ANERT-ADM-36249-GA(HRM), (Complete) No.-217)
Generated from eOffice by Deepthi P, Retd. GA(HRM), ANERT, GA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 27/02/2026, 1:59 AM

വയനാട് ജില്ലാപഞ്ചായത്ത്
08.08.2014 തീയതി നടന്ന സാധാരണ മീറ്റിംഗിലെ
52/14(19) നമ്പർ തീരുമാനം.

സോളാർ പാനലിലും സമീപത്തുമുണ്ടാവുന്ന മരത്തിന്റെ നിഴൽ നീക്കിയിട്ടുണ്ട്. വൈദ്യുത വേലിയുടെ വസ്തുക്കളും ഘടകങ്ങളും മനുഷ്യന്മാർ തന്നെ നശിപ്പിക്കുകയും അഴിച്ചെടുത്ത് കൊണ്ടുപോകുകയും ചെയ്യുന്നതുകൊണ്ട് ഈ വൈദ്യുത വേലിയുടെ തകരാറുകൾ പരിഹരിക്കാൻ കാലതാമസ മുണ്ടാകുന്നു.ഇവിടെയുള്ള എനർജൈസർ സോളാർ പാനൽ മുതലായ ഉപകരണങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനഹിതമാണ്.

ASIATECH
ELECTRONICS
Moozhayil Complex, Sulthan Bathery
Kerala - 673 592, Ph : 04936-224802

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ASIATECH
ELECTRONICS

MOOZHAYIL COMPLEX, SULTHAN BATHERY, KERALA - 673 592 PH : 04936-224802, 09495259911, e-mail : mkjoyasiatech@yahoo.co.in

Date : 30/07/2016

ANERT
06 AUG 2016
D 4192

പ്രേഷകൻ

ഏഷ്യടെക് ഇലക്ട്രോണിക്സ്
മൂഴയിൽ കോംപ്ലക്സ്
സുൽത്താൻ ബത്തേരി
വയനാട് – 673592

സ്വീകർത്താവ്

ഡയറക്ടർ
അനർട്ട്
തിരുവനന്തപുരം

സർ,

വിഷയം : വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള വൈദ്യുത വേലികളുടെ അറ്റകുറ്റപണികളെ സംബന്ധിച്ച്

സൂചന : 3701/SWF/ANERT/2012 നമ്പറായിട്ടുള്ള 27.02.2016 അങ്ങയുടെ കത്തിന്റെ രണ്ടാമത്തെ മറുപടി.

മേൽപ്രസ്താവിച്ചിട്ടുള്ള അങ്ങയുടെ അറിയിപ്പു പ്രകാരം അതത് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത വേലിയുടെ അടിസ്ഥാന ഉപകരണങ്ങൾ പരിശോധിച്ചതിൽ എല്ലാം തന്നെ പൂർണ്ണമായും പ്രവർത്തനക്ഷമമായിരുന്നു. ഉപഭോക്താക്കളാകുന്ന നാട്ടുകാർ തന്നെ ഉപകരണങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതു കൊണ്ടും നിത്യേന പ്രവർത്തിപ്പിക്കാത്തതു കൊണ്ടും ആ സമയങ്ങളിൽ മനുഷ്യരും മൃഗങ്ങളും വേലിക്ക് നാശം വരുത്തുന്നു. മാത്രമല്ല കാറ്റിലും കാലാധിക്യം കൊണ്ടും മറിഞ്ഞു വീഴുന്ന മരങ്ങൾ വൈദ്യുത വേലിയുടെ പ്രവർത്തനം പൂർണ്ണമായും തകർക്കുന്നു. ഇത്തരം വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിനും മുറിച്ചു മാറ്റുന്നതിനും ഞങ്ങൾക്ക് അനുവാദം ലഭിച്ചിട്ടില്ല. തൽസ്ഥിതിയിൽ ചിലയിടങ്ങളിലെ വൈദ്യുത വേലികൾ ഭാഗികമായി മാത്രമേ

File No. ANERT-ADM/36/2019-OA1(HRM) (Computer No., 217)

Generated from eGffice by Deepthi R Nath, OA1(HRM), ANERT, OA1(HRM)- ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 29/02/2020 11:53 AM

പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുള്ളൂ. കന്നുകാലികളെ മേയ്ക്കുന്നതിനും മറ്റ് വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി വനാന്തർഭാഗത്തേക്ക് പോകുന്ന പ്രദേശവാസികൾ വേലിയുടെ കമ്പികൾ കൂട്ടി പിണച്ച് വക്കുകയും ഘടകഭാഗങ്ങൾ അഴിച്ച് നീക്കുകയും ചെയ്യുന്നു. സാമൂഹ്യ വിരുദ്ധർ കമ്പികൾ മുറിച്ചുകൊണ്ട് പോകുന്നതുകൊണ്ടും വന്യമൃഗങ്ങളെ കെണിയിൽ കുടുക്കുന്നതിനായി അനധികൃതമായി ഗാർഹികവൈദ്യുതി നേരിട്ട് വേലിയിൽ ബന്ധിപ്പിക്കുന്നതു കൊണ്ടും വൈദ്യുത വേലിയുടെ ഉപകരണങ്ങൾ കത്തി എരിഞ്ഞു നശിച്ചു പോകുന്നു. ഇങ്ങനെയുള്ള നാശ പ്രക്രിയ തുടരുന്നതിനാൽ വൈദ്യുത വേലിയുടെ പൂർണ്ണ തോതിലുള്ള സംരക്ഷണം സാധ്യമാകുന്നില്ല.

അതത് പ്രദേശങ്ങളിൽ രൂപീകൃതമായിരുന്ന വൈദ്യുത വേലി ഉപഭോക്തൃ കമ്മിറ്റികൾ തന്നെ ഇതിനെതിരെ ഉദ്ബോധനം അവലംബിക്കേണ്ടതാണ്. പതിനഞ്ച് എനർജൈസർ യൂണിറ്റുകൾ സ്ഥാപിച്ചതിനു പുറമേ അഞ്ച് യൂണിറ്റുകൾക്കൂടി ജനങ്ങളുടെ ആവശ്യപ്രകാരം അധികമായി സ്ഥാപിച്ചിട്ടുള്ളതും ഉപഭോക്താക്കളുടെ അറിയിപ്പിൻ പ്രകാരം താമസമന്യ സാധ്യമാകുന്ന സേവനം അവർക്ക് ലഭ്യമാക്കാറുണ്ട്. ആയതുകൊണ്ട് അങ്ങയുടെ കത്തിൽ പ്രതിപാദിച്ചിട്ടുള്ള കഠിനമായ നടപടികളിൽ ഉപേക്ഷവിചാരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്,

എം.കെ.ജോയി

ഏഷ്യാടെക് ഇലക്ട്രോണിക്സ്

ASIATECH
ELECTRONICS
Moozhayil Complex, Sulthan Bathery
Kerala-673 592, Ph : 04936-224802

File No: ANERT-ADM/36/2019-OA(HRM) (Computer No: 2167)
Generated from eOffice by Deepthi R Nair, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുള്ളൂ. കന്നുകാലികളെ മേയ്ക്കുന്നതിനും മറ്റ് വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി വനാന്തർഭാഗത്തേക്ക് പോകുന്ന പ്രദേശവാസികൾ വേലിയുടെ കമ്പികൾ കൂട്ടി പിണച്ച് വക്കുകയും ഘടകഭാഗങ്ങൾ അഴിച്ച് നീക്കുകയും ചെയ്യുന്നു. സാമൂഹ്യ വിരുദ്ധർ കമ്പികൾ മുറിച്ചുകൊണ്ട് പോകുന്നതുകൊണ്ടും വന്യമൃഗങ്ങളെ കെണിയിൽ കുടുക്കുന്നതിനായി അനധികൃതമായി ഗാർഹികവൈദ്യുതി നേരിട്ട് വേലിയിൽ ബന്ധിപ്പിക്കുന്നതു കൊണ്ടും വൈദ്യുത വേലിയുടെ ഉപകരണങ്ങൾ കത്തി എരിഞ്ഞു നശിച്ചു പോകുന്നു. ഇങ്ങനെയുള്ള നാശ പ്രക്രിയ തുടരുന്നതിനാൽ വൈദ്യുത വേലിയുടെ പൂർണ്ണ തോതിലുള്ള സംരക്ഷണം സാധ്യമാകുന്നില്ല.

അതത് പ്രദേശങ്ങളിൽ രൂപീകൃതമായിരുന്ന വൈദ്യുത വേലി ഉപഭോക്തൃ കമ്മിറ്റികൾ തന്നെ ഇതിനെതിരെ ഉദ്ബോധനം അവലംബിക്കേണ്ടതാണ്. പതിനഞ്ച് എനർജൈസർ യൂണിറ്റുകൾ സ്ഥാപിച്ചതിനു പുറമേ അഞ്ച് യൂണിറ്റുകൾക്കൂടി ജനങ്ങളുടെ ആവശ്യപ്രകാരം അധികമായി സ്ഥാപിച്ചിട്ടുള്ളതും ഉപഭോക്താക്കളുടെ അറിയിപ്പിൻ പ്രകാരം താമസമന്യ സാധ്യമാകുന്ന സേവനം അവർക്ക് ലഭ്യമാക്കാറുണ്ട്. ആയതുകൊണ്ട് അങ്ങയുടെ കത്തിൽ പ്രതിപാദിച്ചിട്ടുള്ള കഠിനമായ നടപടികളിൽ ഉപേക്ഷവിചാരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്

എം.കെ.ജോയി

ഏഷ്യടെക് ഇലക്ട്രോണിക്സ്

ASIATECH
ELECTRONICS
Moozhayil Complex, Sulthan Bathery
Kerala - 673 592, Ph : 04936-224802

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA1(HRM), ANERT, OA1(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM





ANERT
25 JUN 2016
Date: 3281

Reg/A.O.

Urgent
Submit the details immediately
for
23/06/16
Director

വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൽപറ്റ നോർത്ത് പി. ഒ. പിൻ 673122

E-mail: dpwynd@gmail.com

സെക്രട്ടറി
ജില്ലാപഞ്ചായത്ത്
വയനാട്

ഫാക്സ്: 04936 202390
ഫോൺ : 04936 202490

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ ഡി.പി.15-613/12 തീയതി: 21.06.2016

ഡയറക്ടർ,
അനർട്ട്, തിരുവനന്തപുരം.

സർ,

വിഷയം:- വയനാട് ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം-സംബന്ധിച്ച്

സൂചന :- 1)31.03.12ലെ 47/11-12 നമ്പർ കരാർ ഉടമ്പടി
2) 24.12.14-ലെ താങ്കളുടെ 3701/SFSW/ANERT/2012 നമ്പർ കത്ത്
3) വയനാട് ജില്ലാ പഞ്ചായത്തിന്റെ 17.4.15-ലെ 31/15(3) നമ്പർ തീരുമാനം
4)മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട്
5) പ്രദേശ വാസികളുടെ പരാതികൾ
6) 16.09.14, 12.02.16, തീയതികളിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ ചേർന്ന യോഗങ്ങൾ
7) വയനാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 21.05.16ലെ 26/16(3) നമ്പർ തീരുമാനം

-----000-----

വന്യമൃഗശല്യം രൂക്ഷമായ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി പ്രദേശത്തെ നിബിഡ വനങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന വയനാട്ടിലെ പട്ടികവർഗ്ഗക്കാരായ ആദിവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ 7358100/-രൂപ വകയിരുത്തി 2011-12 സാമ്പത്തിക വർഷത്തിൽ (പ്രോജക്ട് നമ്പർ:330/12, 333/12) വയനാട് ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം (വനസംരക്ഷണ സമിതി) ആണ് പദ്ധതി നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ

File No.:ANERT-ADM/36/2019-OA(FRM) (Computer No. 317)
Generated from eOffice by Deepthi R Nath, OA (HRM), ANERT, OA (HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 20/02/2026 11:52 AM

(മറുപുറം)

നിരവധി പരാതികൾ ജില്ലാ പഞ്ചായത്തിനും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും ലഭിച്ചിരുന്നു. എല്ലാ പരാതിയും അനെർട്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി എങ്കിലും അതിൽ യാതൊരു പരിഹാര നടപടിയും സ്വീകരിക്കാൻ അനെർട്ട് തയ്യാറാകാതെ നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. തുടർന്ന് മേൽ വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 16.9.14 തീയതിയിൽ ഒരു മീറ്റിംഗും വിളിച്ചു ചേർത്തിരുന്നു. അതിൽ അനെർട്ട് ജില്ലാ ഓഫീസ് മേധാവി ശ്രീ.സെബാസ്റ്റ്യൻ പങ്കെടുക്കുകയും അദ്ദേഹത്തിന് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയില്ല എന്ന നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. പ്രവൃത്തി നടത്തിപ്പ് ഇത്തരത്തിൽ വഷളാക്കിയതിന് 2013-14 വർഷത്തെ എ.ജി.ഓഡിറ്റിൽ പരാമർശം ഉണ്ടായിട്ടുണ്ട്. മേൽ വിഷയം 21.05.2016-ന് ചേർന്ന ജില്ലാ പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും അനെർട്ടിന്റെ പ്രവർത്തി തൃപ്തികരമല്ലാത്തതിനാൽ മേൽ പ്രവർത്തിക്കായി നിക്ഷേപിച്ചിരുന്ന തുക 15 ദിവസത്തിനകം ജില്ലാ പഞ്ചായത്ത് ഓഫീസിൽ തിരിച്ചടക്കുന്നതിന് അനെർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ പ്രവർത്തിക്കായി വയനാട് ജില്ലാ പഞ്ചായത്ത് അനെർട്ടിൽ നിക്ഷേപിച്ചിരുന്ന മുഴുവൻ തുകയും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്

File No. ANERT-ADM/26/2019-OA(HRM) (Computer No: 217)

Generated from eOffice by Deepthi R Nath, OA (HRM), ANERT, OA (HRM) - ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 29/02/2020 11:53 AM

എം/2100.2090

ECONOMY SLIP

REGISTERED

Note:- 1. Fasten cover by pasting this slip across the flap.
2. Open by cutting this slip and not the flap.

From
The Secretary

To
Indian Institute of Technology
Palakkad
Kerala

RL710692509IN

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

Fence WyD1-compressed-compressed.pdf

കേരള സർക്കാർ

നം.പി.ഡബ്ലു.ആർ-പി.എസ്2/191/2016/ഊവ ഊർജ്ജ (പി.എസ്) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 20/08/2016

പ്രേഷിതൻ,
അഡീഷണൽ ചീഫ് സെക്രട്ടറി



സ്വീകർത്താവ്
ഡയറക്ടർ,
അനെർട്ട്,
തിരുവനന്തപുരം.

സർ,

വിഷയം:- ഊർജ്ജ വകുപ്പ്- സോളാർ ഫെൻസിംഗ് - സംബന്ധിച്ച്

സൂചന:- വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2016-ലെ ഡി.പി 15-613/12 നം. കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

വയനാട് ജില്ലയിലെ 17 കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിലേക്കായി ജില്ലാ പഞ്ചായത്ത് 31.03.2012-ന് 7,35,810/- രൂപ അനെർട്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും എന്നാൽ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിൽ അനെർട്ട് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും സൂചനയിലെ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരാമർശിത വിഷയത്തിൽ അടിയന്തിര റിപ്പോർട്ട് നല്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
സി.അനിൽകുമാർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അധികാരത്തോടെ,

സെക്ഷൻ ഓഫീസർ

Fence WyD1-compressed-compressed.pdf

Regd. RL 736013583 IN Regd/AD

PWR-PS2 191/2016- Power

വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൽപറ്റ നോർത്ത് പി. ഒ. പിൻ 673122

E-mail: dpwynd@gmail.com

ഫാക്സ്: 04936 202390
ഫോൺ : 04936 202490

സെക്രട്ടറി
ജില്ലാപഞ്ചായത്ത്
വയനാട്

POWER DEPARTMENT. GOVT SECRETARIAT THIRUVANANTHAPURAM-695 001

11 AUG 2016

"ഉദയാസ്തമയം വരെ ഉത്പാദനം"

നമ്പർ ഡി.പി.15-613/2016

തീയതി: 01.08.2016

195889

പ്രിൻസിപ്പൽ സെക്രട്ടറി
ഊർജ്ജ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- വയനാട് ജില്ലയിലെ 17 കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം-സംബന്ധിച്ച്

സൂചന:-

-----000-----

മേൽ വിഷയം സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരത്തിന് തയ്യാറാക്കിയ കത്തിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്

File-No: ANERT-ADM-18209-OA(FRM) (Computer No: 267)

Generated from eOffice by Deepthi R Nath, OA1 (FRM), ANERT, OA(FRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

Fence WyD1-compressed-compressed.pdf

26418/2019/TECHNICAL ANERT

വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൽപറ്റ നോർത്ത് പി. ഒ. പിൻ 673122

E-mail: dpwynd@gmail.com

സെക്രട്ടറി
ജില്ലാപഞ്ചായത്ത്
വയനാട്

ഫാക്സ്: 04936 202390
ഫോൺ : 04936 202480

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ ഡി.പി.15-516/2012 തീയതി: 18.10.2014

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- വയനാട് ജില്ലയിലെ 17 കോളനികളിൽ സോളാർ ഫെൻസിംഗ് നിർമ്മാണം- സംബന്ധിച്ച

സൂചന :- 1) 31.03.2012-ലെ 47/11-12 നമ്പർ കരാർ ഉടമ്പടി
2) അനർട്ട് ഡയറക്ടർ തിരുവനന്തപുരത്തിന്റെ 3701/ SFSW/ ANERT/ 2012 നമ്പർ കത്ത് തീയതി 17.07.2014
3) 26.08.14-ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്
4) 26.08.14-ലെ അനർട്ട് ഡയറക്ടറുടെ കത്ത് നമ്പർ SFW/ ANERT/12

------000------

വന്യമൃഗശല്യം രൂക്ഷമായ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി പ്രദേശത്തെ നിബിഡ വനങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന വയനാട്ടിലെ പട്ടികവർഗ്ഗക്കാരായ ആദിവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ 7358100/-രൂപ വകയിരുത്തി 2011-12 സാമ്പത്തിക വർഷത്തിൽ (പ്രൊജക്ട് നമ്പർ.330/12, 333/12) വയനാട് ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം (വനസംരക്ഷണ സമിതി) ആണ് പദ്ധതി നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനം ഉള്ള സർക്കാർ ഏജൻസി എന്ന നിലക്ക് അനെർട്ടും ആയി 27/3/2012-ലെ കത്ത് പ്രകാരം നിയന്ത്രപ്പെടുകയും, ഭരണാനുമതിച്ച് ജില്ലാ പഞ്ചായത്ത് നേരിട്ടാണ് പ്രൊജക്ട്

File No.:ANERT/ ADMIN/2019/Admin/ (Computer No. 210)
Generated from Fence WyD1-compressed-compressed.pdf on Thursday, 26 September 2019 at 10:06 AM IST FOR TECHNICAL USE BY ANERT ONLY

Fence WyD1-compressed-compressed.pdf

തുക ഡയറക്ടർ, അനർട്ടിന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്യണ്ടുന്നതാണെന്നും, അ
ആണെങ്കിൽ യഥാവിധി ടെണ്ടർ ക്ഷണിച്ച് സർക്കാർ നടപടിക്ക് ശേഷമേ നടപ്പിലാക്കൂ എന്നു
27/3/2012-ലെ കത്ത് പ്രകാരം അനർട്ട് ഡയറക്ടർ അറിയിച്ചിരുന്നു. മേൽ വിഷയം
29/3/2012-ന് ചേർന്ന ജില്ലാ പഞ്ചായത്ത് ടെണ സമിതി യോഗം ചർച്ച ചെയ്യുകയും അനർട്ട്
മുഖാന്തിരം പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന
7358100/- രൂപ അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.
അതനുസരിച്ച് 31.3.2012-ന് കരാറിൽ ഏർപ്പെടുകയും 7358100/- രൂപ അനെർട്ടിൽ
നിക്ഷേപിക്കുകയും ചെയ്തു.

പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ചും അതിന്റെ പുരോഗതി സംബന്ധിച്ചും
യഥാസമയം ജില്ലാ പഞ്ചായത്തിനെ അറിയിക്കേണ്ടതാണ് എന്ന് കരാറിലെ പൈഡിക 11
പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് സംബന്ധിച്ചും അതിന്റെ
പുരോഗതി സംബന്ധിച്ചുമായൊരു വിവരവും രേഖാമൂലം ജില്ലാ പഞ്ചായത്തിന്
ലഭിച്ചിരുന്നില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ അനെർട്ട് ജില്ലാ
ഓഫീസർക്ക് കത്തയച്ചുവെങ്കിലും യാതൊരു മറുപടിയും ലഭ്യമായില്ല. തുടർന്ന് കരാർ
അനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കാതെ വന്നപ്പോൾ സാമ്പിമെന്റ് എഗ്രിമെന്റ്
വെയ്ക്കുന്നതിനായും പ്രവർത്തന പുരോഗതി റിപ്പോർട്ട്ചെയ്യുന്നതിനായും അനെർട്ട്
ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. 13 കോളനികളിൽ രണ്ട് കോളനികളിൽ മാത്രമേ ഇനി
പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുള്ളൂ എന്നും, ബാക്കി കോളനികളിലെ പ്രവൃത്തി
പൂർത്തീകരിച്ചിട്ടുണ്ടെന്നും സാമ്പിമെന്റ് എഗ്രിമെന്റ് വെക്കുന്നതിന് അനെർട്ട് ജില്ലാ പ്രോഗ്രാം
ഓഫീസർ ശ്രീ സെബാസ്റ്റ്യനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും മേൽ കത്തിന്
മറുപടിയായി 14/7/2014ലെ കത്ത് പ്രകാരം അനെർട്ട് ഡയറക്ടർ അറിയിച്ചിരുന്നു.
ഇതനുസരിച്ച് നിരവധി തവണ ശ്രീ.സെബാസ്റ്റ്യനും ആയി ബന്ധപ്പെട്ടു എങ്കിലും അദ്ദേഹം
അതിന് തയ്യാറായില്ല.

ഇതിനിടെ സാന്തോർജ്ജ വേലിയുടെ നിർമ്മാണത്തെ സംബന്ധിച്ചും
ഗുണനിലവാരത്തെ സംബന്ധിച്ചും, നിർമ്മാണത്തിലെ അപാകത സംബന്ധിച്ചും നിരവധി
പരാതികൾ ജില്ലാ പഞ്ചായത്തിനും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും ലഭിച്ചിരുന്നു. എല്ലാ
പരാതിയും അനെർട്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി എങ്കിലും, അതിൽ യാതൊരു നടപടിയും
സ്വീകരിക്കാൻ അനെർട്ട് തയ്യാറാകാതെ നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. തുടർന്ന്
മേൽ വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ
അദ്ധ്യക്ഷതയിൽ 16.9.14 തീയതിയിൽ ഒരു മീറ്റിംഗും വിളിച്ചു ചേർത്തിരുന്നു. അതിൽ
അനെർട്ട് ജില്ലാ ഓഫീസ് മേധാവി ശ്രീ.സെബാസ്റ്റ്യൻ പങ്കെടുക്കുകയും അദ്ദേഹത്തിന്
ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയില്ല എന്നു നിഷേധാത്മക
നിലപാടാണ് സ്വീകരിച്ചത്. പ്രവൃത്തി നടത്തിപ്പ് ഇത്തരത്തിൽ വഷളാക്കിയതിന് 2013-14

File No: ANERT-ADM/36.2019-DA(HRM) (Computer No: 217)
Generated from eOffice by Deepthi R Nath, DA (HRM), ANERT, DA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

വർഷത്തെ എ.ജി.ഓഡിറ്റിൽ പരാമർശം ഉണ്ടായിട്ടുണ്ട്. മേൽ പരാമർശം 8/10/ജൂൺ ചേർന്ന ജില്ലാ പഞ്ചായത്ത് ഭരണ സമിതിയോഗം ചർച്ച ചെയ്യുകയും മേൽ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുന്നതിനും ഏറ്റെടുത്ത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് തരുന്നതിനും, പൂർത്തിയാക്കിയ പ്രവൃത്തികൾ അവയുടെ സംരക്ഷിത കാലം കഴിയുന്ന മുറക്ക് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചുതരുന്നതിനും, ലഭ്യമായിട്ടുള്ള പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാനുള്ള നിർദ്ദേശം അനെർട്ട് ഡയറക്ടർക്ക് നൽകി, പാവപ്പെട്ട ആദിവാസികളുടെ ജീവനും സ്വത്തിനും വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ മേൽപ്പറ്റി പദ്ധതി എല്ലാ അർത്ഥത്തിലും ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ജില്ലാ പഞ്ചായത്തിനെ സഹായിക്കണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്

File No. ANERT/ADM/36/2018-OA(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA (HRM), ANERT, OA(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

(Draft)

No.3701/SFSW/ANERT/2012 .....നവംബർ 2016

പ്രേഷകൻ

ഡയറക്ടർ

സ്വീകർത്താവ്

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്
സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി.ഒ
വയനാട് – 673122

സർ,

വിഷയം: വയനാട് ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ വൈദ്യുത വേലി നിർമ്മിച്ചത് – സംബന്ധിച്ച്

സൂചന: 21-6-2016, 1-8-2016-ലെ വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഡി.പി.15-613/12 നമ്പർ കത്തുകൾ

മേൽ സൂചിത കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ജില്ലയിലെ 15 വിദൂര കോളനികളിൽ സോളാർ വൈദ്യുത വേലിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത വിവരം 26-8-2014-ന് ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനായി Rs.1,27,36,540 (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പതു രൂപ മാത്രം) ആകെ ചെലവായിട്ടുണ്ട്. സാധാരണ ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം ഈടാക്കേണ്ട കൺസൾട്ടൻസി ചാർജ്ജോ, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജോ യാതൊന്നും ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനെർട്ട് വാങ്ങിയിട്ടില്ല. കൂടാതെ ഉദ്യോഗസ്ഥരുടെ സേവനം തികച്ചും സൗജന്യമായിട്ടാണ് ഈ പ്രവൃത്തിക്കു വേണ്ടി നീക്കി വച്ചത്. നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ എല്ലാം കൃത്യമായി പാലിച്ചു കൊണ്ടാണ് ടെണ്ടർ നടപടികളും, പദ്ധതിയുടെ നിർമ്മാണവും പൂർത്തിയാക്കിയത്. 5 വർഷം ഈ പ്രവൃത്തിയ്ക്ക് നിർമ്മാതാവായ ഏഷ്യാടെക് ഇലക്ട്രോണിക്സ്, സുൽത്താൻ ബത്തേരി വാറണ്ടി നൽകാൻ ബാധ്യസ്ഥരുമാണ്.

എന്നാൽ ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം വൈദ്യുത വേലിയുടെ സുഗമമായ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നു എന്നത് വസ്തുതയാണ്. അത്യന്തം വിദൂരസ്ഥമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വേലികൾ തദ്ദേശവാസികളുടെ സഹകരണം കൊണ്ടു മാത്രമേ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. ഗുണഭോക്തൃ കമ്മിറ്റികൾ പ്രവർത്തന സജ്ജമായി കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ പ്രാദേശിക തലത്തിൽ ഈ സ്ഥിതിയ്ക്ക് പരിഹാരം കാണാൻ കഴിയൂ. നിലവിൽ സോളാർ വൈദ്യുത വേലിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

1. ദിവസേന വൈദ്യുതവേലി പ്രവർത്തിപ്പിക്കാൻ തദ്ദേശവാസികളെ മുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും, വിറകു ശേഖരണത്തിനും, കന്നുകാലികളെ മേയ്ക്കാനും വനത്തിനുള്ളിൽ പ്രവേശിക്കുന്നവർ വൈദ്യുത വേലിയുടെ ഗേറ്റ് തുറന്ന ശേഷം അടയ്ക്കാൻ ശ്രദ്ധിക്കാറില്ല. വേലിയുടെ ചാർജ്ജർ ഓഫ് ചെയ്യുകയോ, കമ്പികൾ കൂട്ടിക്കെട്ടി വേലി പ്രവർത്തന രഹിതമാക്കുകയോ ആണ് പതിവ്.
2. വൈദ്യുത വേലിയുടെ ലോഹ ഭാഗങ്ങൾ വ്യാപകമായി മോഷണം പോകുന്നു. സെക്യൂരിറ്റി കാര്യത്തിൽ ജാഗ്രത പാലിക്കാതെ ഇത് പരിഹരിക്കാൻ കഴിയില്ല.
3. പ്രകൃതി ക്ഷോഭം കാരണം വൈദ്യുത ലൈനിൽ വീഴുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ വനം വകുപ്പിന്റെ അനുമതി അടിയന്തിരമായി ലഭിക്കേണ്ടതുണ്ട്.
4. ചില തദ്ദേശവാസികൾ നിയമ വിരുദ്ധമായി ഗാർഹിക വൈദ്യുതി സോളാർ ഫെൻസിലേക്ക് കടത്തിവിട്ട് നാശനഷ്ടങ്ങൾ വരുത്തുന്നു.
5. പ്രാദേശിക കാരണങ്ങളാൽ വൈദ്യുത വേലിയുടെ പ്രവർത്തനം രാത്രി സമയത്തു മാത്രമായി പരിമിതപ്പെടുത്തിയ സ്ഥിതി വിശേഷം ഉള്ളതിനാൽ വന്യമൃഗങ്ങൾ പകൽ സമയത്ത് വേലിക്ക് കേടുപാടുകൾ വരുത്താറുണ്ട്.

വൈദ്യുത വേലിയുടെ പരിപാലനം കാര്യക്ഷമമാക്കാൻ നിർമ്മാതാവായ ഭീഷ്യാടെക് ഇലക്ട്രോണിക്സിന് അനെർട്ടിൽ നിന്നും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. 14-5-2016, 30-07-2016 തീയതികളിൽ നിർമ്മാതാവിൽ നിന്നും ലഭിച്ച കത്തുകൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

മാനദണ്ഡങ്ങൾ അനുസരിച്ച് നിർദ്ദിഷ്ട ഡെപ്പോസിറ്റ് വർക്ക് പൂർത്തിയാക്കി നിർമ്മാതാവിന് Payment നൽകി Utilisation Certificate നൽകിയ സാഹചര്യത്തിൽ അടച്ച തുക തിരികെ നൽകാൻ വ്യവസ്ഥയില്ലെന്ന് അറിയിക്കട്ടെ. പ്രാദേശിക ഗുണഭോക്തൃ സമിതികളും, നിർമ്മാതാവും, അനെർട്ടിന്റെ ജില്ലാ ഓഫീസും, വനംവകുപ്പ് അധികൃതരും സംയുക്തമായി സഹകരിച്ച് മാത്രമേ സോളാർ ഫെൻസിംഗ് സംബന്ധമായ തുടർപ്രവൃത്തികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ അനിവാര്യമാണ്.

വിശ്വസ്തതയോടെ,

ജനറൽ മാനേജർ

ഉള്ളടക്കം: മേൽപ്പറഞ്ഞവ

പകർപ്പ്: 1) അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം w/c

2) ജില്ലാ എൻജിനീയർ, അനെർട്ട് ജില്ലാ ഓഫീസ്, വയനാട്

[ANERT-ADM/86/2019-OA1(HRM) (Computer No. 2117)]
Generated from eOffice by Deepthi P Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

(Draft)

No.3701/SFSW/ANERT/2012 .....നവംബർ 2016

പ്രേഷകൻ

ഡയറക്ടർ

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ഊർജ്ജ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം: വയനാട് ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ വൈദ്യുത വേലി നിർമ്മിച്ചത് – സംബന്ധിച്ച്

സൂചന: ഊർജ്ജ (പി.എസ്) വകുപ്പിലെ 20-08-2016-ലെ PWR-PS2/191/2016/ഊ.വ നമ്പർ കത്ത്

മേൽ സൂചിത കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ജില്ലാ പഞ്ചായത്തിലെ 17 വിദൂര കോളനികളിൽ സൗരോർജ്ജ വൈദ്യുത വേലി സ്ഥാപിക്കാൻ അനെർട്ടിൽ വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം Rs.72,18,739/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ Total Energy Security Mission Project-ൽ അവശേഷിച്ച Rs.54,21,003/- രൂപയും ഉൾപ്പെടുത്തി ആകെ 1,26,39,742/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി പദ്ധതി നിർവ്വഹണത്തിന് ലഭിച്ചത്. ഇതിൽ 1,27,36,540/- രൂപയാണ് 15 സോളാർ വൈദ്യുത വേലികൾ സ്ഥാപിക്കുന്ന ഇനത്തിൽ ചെലവായത്. ലഭ്യമായ ഗുണഭോക്തൃ വിഹിതം അനുസരിച്ച് 15 വൈദ്യുത വേലികളുടെ പണി നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പൂർത്തിയാക്കി പ്രസ്തുത വിവരം 26-8-2014-ന് വയനാട് ജില്ലാ പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തി സംബന്ധമായി ജില്ലാ പഞ്ചായത്ത് അധികൃതരുമായി കാലാകാലങ്ങളിൽ കത്തിടപാടുകൾ നടത്തിയിട്ടുമുണ്ട്.

സാധാരണ ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം ഈടാക്കേണ്ട കൺസൾട്ടൻസി ചാർജ്ജോ, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജോ യാതൊന്നും ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനെർട്ട് വാങ്ങിയിട്ടില്ല. കൂടാതെ ഉദ്യോഗസ്ഥരുടെ സേവനം തികച്ചും സൗജന്യമായിട്ടാണ് ഈ പ്രവൃത്തിക്കു വേണ്ടി നീക്കി വച്ചത്. നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ എല്ലാം കൃത്യമായി പാലിച്ചു കൊണ്ടാണ് ടെണ്ടർ നടപടികളും, പദ്ധതിയുടെ നിർമ്മാണവും പൂർത്തിയാക്കിയത്. 5 വർഷം ഈ പ്രവൃത്തിയ്ക്ക് നിർമ്മാതാവായ ഏഷ്യാടെക് ഇലക്ട്രോണിക്സ്, സുൽത്താൻ ബത്തേരി വാറണ്ടി നൽകാൻ ബാധ്യസ്ഥരുമാണ്.

എന്നാൽ ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം വൈദ്യുത വേലിയുടെ സുഗമമായ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നു എന്നത് വസ്തുതയാണ്. അത്യന്തം വിദൂരസ്ഥമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വേലികൾ തദ്ദേശവാസികളുടെ സഹകരണം കൊണ്ടു മാത്രമേ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. ഗുണഭോക്തൃ

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY, on 20/02/2026 11:53 AM

കമ്മിറ്റികൾ പ്രവർത്തന സജ്ജമായി കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ പ്രാദേശിക തലത്തിൽ ഈ സ്ഥിതിയ്ക്ക് പരിഹാരം കാണാൻ കഴിയൂ. ഇതു സംബന്ധമായി ജില്ലാ പഞ്ചായത്തിനെ കാര്യങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. കത്ത് അറിവിലേയ്ക്കായി സമർപ്പിക്കുന്നു. പ്രാദേശിക ഗുണഭോക്തൃ സമിതികളും, നിർമ്മാതാവും, അനെർട്ടിന്റെ ജില്ലാ ഓഫീസും, വനംവകുപ്പ് അധികൃതരും സംയുക്തമായി സഹകരിച്ച് മാത്രമേ സോളാർ ഫെൻസിംഗ് സംബന്ധമായ തുടർപ്രവൃത്തികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ അനിവാര്യമാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

ഉള്ളടക്കം : മേൽപ്പറഞ്ഞവ

26/11/16

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53:AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

No.3701/SFSW/ANERT/2012 — 25 നവംബർ 2016

പ്രേഷകൻ

ഡയറക്ടർ

സ്വീകർത്താവ്

സെക്രട്ടറി
വയനാട് ജില്ലാ പഞ്ചായത്ത്
സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി.ഒ
വയനാട് – 673122

സർ,

വിഷയം: വയനാട് ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ വൈദ്യുത വേലി നിർമ്മിച്ചത് – സംബന്ധിച്ച്

സൂചന: 21-6-2016, 1-8-2016-ലെ വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഡി.പി.15-613/12 നമ്പർ കത്തുകൾ.

മേൽ സൂചിത കത്തുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ജില്ലയിലെ 15 വിദൂര കോളനികളിൽ സോളാർ വൈദ്യുത വേലിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത വിവരം 26-8-2014-ന് ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനായി Rs.1,27,36,540 (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പതു രൂപ മാത്രം) ആകെ ചെലവായിട്ടുണ്ട്. സാധാരണ ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം ഈടാക്കേണ്ട കൺസൾട്ടൻസി ചാർജ്ജോ, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജോ യാതൊന്നും ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനെർട്ട് വാങ്ങിയിട്ടില്ല. കൂടാതെ ഉദ്യോഗസ്ഥരുടെ സേവനം തികച്ചും സൗജന്യമായിട്ടാണ് ഈ പ്രവൃത്തിക്കു വേണ്ടി നീക്കി വച്ചത്. നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ എല്ലാം കൃത്യമായി പാലിച്ചു കൊണ്ടാണ് ടെണ്ടർ നടപടികളും, പദ്ധതിയുടെ നിർമ്മാണവും പൂർത്തിയാക്കിയത്. 5 വർഷം ഈ പ്രവൃത്തിയ്ക്ക് നിർമ്മാതാവായ ഏഷ്യാടെക് ഇലക്ട്രോണിക്സ്, സുൽത്താൻ ബത്തേരി വാറണ്ടി നൽകാൻ ബാധ്യസ്ഥരുമാണ്.

എന്നാൽ ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം വൈദ്യുത വേലിയുടെ സുഗമമായ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നു എന്നത് വസ്തുതയാണ്. അത്യന്തം വിദൂരസ്ഥമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വേലികൾ തദ്ദേശവാസികളുടെ സഹകരണം കൊണ്ടു മാത്രമേ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. ഗുണഭോക്തൃ കമ്മിറ്റികൾ പ്രവർത്തന സജ്ജമായി കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ പ്രാദേശിക തലത്തിൽ ഈ സ്ഥിതിയ്ക്ക് പരിഹാരം കാണാൻ കഴിയൂ. നിലവിൽ സോളാർ വൈദ്യുത വേലിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

Law-College Road, Vikas Bhavan, P.O, Thiruvananthapuram - 695 033 Kerala, INDIA
Phone: (91-471) 2338077, 2334122, 2333124, 2331803 (office), (91-471) 2329854 (Director)
Fax: (91-471) 2329853, Web: anert.gov.in

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM)- ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 30/12/2020 11:01 AM

1. ദിവസേന വൈദ്യുതവേലി പ്രവർത്തിപ്പിക്കാൻ തദ്ദേശവാസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും, വിറകു ശേഖരണത്തിനും, കന്നുകാലികളെ മേയ്ക്കാനും വനത്തിനുള്ളിൽ പ്രവേശിക്കുന്നവർ വൈദ്യുത വേലിയുടെ ഗേറ്റ് തുറന്ന ശേഷം അടയ്ക്കാൻ ശ്രദ്ധിക്കാറില്ല. വേലിയുടെ ചാർജ്ജർ ഓഫ് ചെയ്യുകയോ, കമ്പികൾ കൂട്ടിക്കെട്ടി വേലി പ്രവർത്തന രഹിതമാക്കുകയോ ആണ് പതിവ്.
2. വൈദ്യുത വേലിയുടെ ലോഹ ഭാഗങ്ങൾ വ്യാപകമായി മോഷണം പോകുന്നു. സെക്യൂരിറ്റി കാര്യത്തിൽ ജാഗ്രത പാലിക്കാതെ ഇത് പരിഹരിക്കാൻ കഴിയില്ല.
3. പ്രകൃതി ക്ഷോഭം കാരണം വൈദ്യുത ലൈനിൽ വീഴുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ വനം വകുപ്പിന്റെ അനുമതി അടിയന്തിരമായി ലഭിക്കേണ്ടതുണ്ട്.
4. ചില തദ്ദേശവാസികൾ നിയമ വിരുദ്ധമായി ഗാർഹിക വൈദ്യുതി സോളാർ ഫെൻസിലേക്ക് കടത്തിവിട്ട് നാശനഷ്ടങ്ങൾ വരുത്തുന്നു.
5. പ്രാദേശിക കാരണങ്ങളാൽ വൈദ്യുത വേലിയുടെ പ്രവർത്തനം രാത്രി സമയത്തു മാത്രമായി പരിമിതപ്പെടുത്തിയ സ്ഥിതി വിശേഷം ഉള്ളതിനാൽ വന്യമൃഗങ്ങൾ പകൽ സമയത്ത് വേലിക്ക് കേടുപാടുകൾ വരുത്താറുണ്ട്.

വൈദ്യുത വേലിയുടെ പരിപാലനം കാര്യക്ഷമമാക്കാൻ നിർമ്മാതാവായ ഏഷ്യാടെക് ഇലക്ട്രോണിക്സിന് അനെർട്ടിൽ നിന്നും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. 14-5-2016, 30-07-2016 തീയതികളിൽ നിർമ്മാതാവിൽ നിന്നും ലഭിച്ച കത്തുകൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

മാനദണ്ഡങ്ങൾ അനുസരിച്ച് നിർദ്ദിഷ്ട ഡെപ്പോസിറ്റ് വർക്ക് പൂർത്തിയാക്കി നിർമ്മാതാവിന് Payment നൽകി Utilisation Certificate നൽകിയ സാഹചര്യത്തിൽ അടച്ച തുക തിരികെ നൽകാൻ വ്യവസ്ഥയില്ലെന്ന് അറിയിക്കട്ടെ. പ്രാദേശിക ഗുണഭോക്തൃ സമിതികളും നിർമ്മാതാവും അനെർട്ടിന്റെ ജില്ലാ ഓഫീസും, വനംവകുപ്പ് അധികൃതരും സംയുക്തമായി സഹകരിച്ച് മാത്രമേ സോളാർ ഫെൻസിംഗ് സംബന്ധമായ തുടർപ്രവൃത്തികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ അനിവാര്യമാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

ഉള്ളടക്കം: മേൽപ്പറഞ്ഞവ

പകർപ്പ്: 1) അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം with C/L
2) ജില്ലാ എൻജിനീയർ, അനെർട്ട് ജില്ലാ ഓഫീസ്, വയനാട്

File No. ANERT-ADM/36/2019-OA1(HRM),(Computer No. 2117)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY,FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ANERT

Agency for Non-Conventional Energy & Rural Technology
(Established by Government of Kerala)

No.3701/SFSW/ANERT/2012 26 നവംബർ 2016

പ്രേഷകൻ

ഡയറക്ടർ

സ്വീകർത്താവ്

അഡിഷണൽ ചീഫ് സെക്രട്ടറി
ഊർജ്ജ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം: വയനാട് ജില്ലാ പഞ്ചായത്ത് കോളനികളിൽ സോളാർ വൈദ്യുത വേലി നിർമ്മിച്ചത് - സംബന്ധിച്ച്

സൂചന: ഊർജ്ജ (പി.എസ്) വകുപ്പിലെ 20-08-2016-ലെ PWR-PS2/191/2016/ഊ.വ നമ്പർ കത്ത്

മേൽ സൂചിത കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ജില്ലാ പഞ്ചായത്തിലെ 17 വിദൂര കോളനികളിൽ സൗരോർജ്ജ വൈദ്യുത വേലി സ്ഥാപിക്കാൻ അനെർട്ടിൽ വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം Rs.72,18,739/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ Total Energy Security Mission Project-ൽ അവശേഷിച്ച Rs.54,21,003/- രൂപയും ഉൾപ്പെടുത്തി ആകെ 1,26,39,742/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി പദ്ധതി നിർവ്വഹണത്തിന് ലഭിച്ചത്. ഇതിൽ 1,27,36,540/- രൂപയാണ് 15 സോളാർ വൈദ്യുത വേലികൾ സ്ഥാപിക്കുന്ന ഇനത്തിൽ ചെലവായത്. ലഭ്യമായ ഗുണഭോക്തൃ വിഹിതം അനുസരിച്ച് 15 വൈദ്യുത വേലികളുടെ പണി നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പൂർത്തിയാക്കി പ്രസ്തുത വിവരം 26-8-2014-ന് വയനാട് ജില്ലാ പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തി സംബന്ധമായി ജില്ലാ പഞ്ചായത്ത് അധികൃതരുമായി കാലാകാലങ്ങളിൽ കത്തിടപാടുകൾ നടത്തിയിട്ടുമുണ്ട്.

സാധാരണ ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം ഈടാക്കേണ്ട കൺസൾട്ടൻസി ചാർജ്ജോ, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജോ യാതൊന്നും ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനെർട്ട് വാങ്ങിയിട്ടില്ല. കൂടാതെ ഉദ്യോഗസ്ഥരുടെ സേവനം തികച്ചും സൗജന്യമായിട്ടാണ് ഈ പ്രവൃത്തിക്കു വേണ്ടി നീക്കി വച്ചത്. നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ എല്ലാം കൃത്യമായി പാലിച്ചു കൊണ്ടാണ് ടെണ്ടർ നടപടികളും, പദ്ധതിയുടെ നിർമ്മാണവും പൂർത്തിയാക്കിയത്. 5 വർഷം ഈ പ്രവൃത്തിയ്ക്ക് നിർമ്മാതാവായ ഏഷ്യാടെക് ഇലക്ട്രോണിക്സ്, സൗജന്യമായി ബത്തേരി വാറണ്ടി നൽകാൻ ബാധ്യസ്ഥരുമാണ്.

എന്നാൽ ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം വൈദ്യുത വേലിയുടെ സുഗമമായ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നു എന്നത് വസ്തുതയാണ്. അത്യന്തം വിദൂരസ്ഥമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വേലികൾ തദ്ദേശവാസികളുടെ സഹകരണം കൊണ്ടു മാത്രമേ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. ഗുണഭോക്തൃ കമ്മിറ്റികൾ പ്രവർത്തന സജ്ജമായി കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ പ്രാദേശിക

Law College Road, Vikas Bhavan. P.O, Thiruvananthapuram - 695 033 Kerala, INDIA
Phone: (91-471) 2336077, 2334122, 2333124, 2331803 (office), (91-471) 2329854 (Director)
Fax: (91-471) 2329853, Web: anert.gov.in

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)

Generated from eOffice by Deepthi R Nath, OA1(HRM), ANERT, OA1(HRM), ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:58 AM

തലത്തിൽ ഈ സ്ഥിതിയ്ക്ക് പരിഹാരം കാണാൻ കഴിയൂ. ഇതു സംബന്ധമായി ജില്ലാ പഞ്ചായത്തിനെ കാര്യങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. കത്ത് അറിവിലേയ്ക്കായി സമർപ്പിക്കുന്നു. പ്രാദേശിക ഗുണഭോക്തൃ സമിതികളും നിർമ്മാതാവും അനെർട്ടിന്റെ ജില്ലാ ഓഫീസും, വനംവകുപ്പ് അധികൃതരും സംയുക്തമായി സഹകരിച്ച് മാത്രമേ സോളാർ ഫെൻസിംഗ് സംബന്ധമായ തുടർപ്രവൃത്തികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ അനിവാര്യമാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

ഉള്ളടക്കം : മേൽപ്പറഞ്ഞവ

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2f7)

Generated from eOffice by Deepthi R Nath,,OA1(-HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ASIATECH
ELECTRONICS

MOOZHAYIL COMPLEX, SULTHAN BATHERY, KERALA - 673 592 PH : 04936-224802, 09495259911, e-mail : mkjoyasiatech@yahoo.co.in

Date : 30-03-17

2017
375

പ്രേഷകൻ

ഏഷ്യടെക് ഇലക്ട്രോണിക്സ്
മുഴയിൽ കോംപ്ലക്സ്
സുൽത്താൻ ബത്തേരി
വയനാട് - 673592

സ്വീകർത്താവ്

ദി ഡയറക്ടർ
അനർട്ട്
തിരുവനന്തപുരം

സർ,

വിഷയം : വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള വൈദ്യുത വേലികളുടെ തൽസ്ഥിതിയെ സംബന്ധിച്ച്

സൂചന : ടെലഫോൺ മുഖേന അങ്ങയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശം.

മേൽ നിർദ്ദേശ പ്രകാരം വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള 15 സൗരോർജ വേലികളുടെയും അറ്റകുറ്റപണികൾ യഥാസമയങ്ങളിൽ നടത്തി വരാറുള്ളതാണ്. എന്നിരുന്നാലും ചിലയിടങ്ങളിലെ വൈദ്യുത വേലികളിൽ കാറ്റിലും കാലാധിക്യം കൊണ്ടും വേലിയിലേക്ക് പതിച്ചിട്ടുള്ള ഉണങ്ങിയ മരങ്ങൾക്കും മുളംകൂട്ടങ്ങൾക്കും കാട്ടുതീ പിടിച്ചതുമൂലം ചിലയിടങ്ങളിലെ വൈദ്യുത വേലികളുടെ പ്രവർത്തനം ഭാഗികമാണ്.

File No. ANERT-ADM/36/2016(Pt) Confidential
Mfrs. of Power fencing Systems, Solar Lightings, Inverters, Home Security Systems,
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM), ANERT AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

സ്ഥാപിതമായിട്ടുള്ള 15 ഇടങ്ങളിലേയും അടിസ്ഥാന ഉപകരണങ്ങളായ എനർജൈസർ, ബാറ്ററി, സോളാർ പാനൽ, അലാറം യൂണിറ്റ്, ചാർജ് കൺട്രോളർ, ഹൈഡ്രോമീറ്റർ, ഡിജിറ്റൽ ഹൈ വോൾട്ടേജ് മീറ്റർ, മുതലായവ ഇതു വരെയും പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാണ്. സാമൂഹ്യ വിരുദ്ധർ പല ഇടങ്ങളിലേയും വൈദ്യുത വേലിയിലെ ഘടകഭാഗങ്ങൾ അടിച്ചു തകർക്കുകയും, മോഷ്ടിക്കുകയും ചെയ്യുന്നു. കാട്ടു പന്നിയെ ഷോക്കേൽപ്പിച്ച് വേട്ടയാടുന്നതിനായി പലയിടത്തും തദ്ദേശ വാസികൾ തന്നെ കെ.എസ്.ഇ.ബി ഗാർഹിക വൈദ്യുതി നേരിട്ട് വേലിയിലേക്ക് ബന്ധിപ്പിക്കുന്നു. തന്മൂലം എനർജൈസർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ കത്തിയെരിഞ്ഞ് നശിച്ച് പോകുന്നു. വീരാടി, മച്ചിമൂല, കട്ടകണ്ടി എന്നിവിടങ്ങളിൽ ഇപ്രകാരം നേരിട്ട് ഗാർഹിക വൈദ്യുതി വേലിയുമായി ബന്ധിപ്പിച്ചതുമൂലം ഒരാൾ വേലിയിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ടിട്ടുള്ളതുമാണ്. ഇക്കാരണത്താൽ വിലങ്ങാടി സുബ്രഹ്മണ്യൻ എന്ന ഉപഭോക്താവ് തന്നെ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. പലയിടങ്ങളിലായി സ്വകാര്യ വ്യക്തികൾ തങ്ങളുടെ അതിർത്തി സംരക്ഷിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള മുള്ളു കമ്പിവേലി വൈദ്യുത വേലിയിലേക്ക് ബന്ധിപ്പിക്കുന്നതു കൊണ്ടും , വൈദ്യുത വേലിയിലെ ഉന്നത വോൾട്ടത നിർവീര്യമാകുന്നു.

സൗരോർജ വേലികളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് തദ്ദേശീയരായ ഉപഭോക്താക്കൾ തിരഞ്ഞെടുത്തവരിൽ ഒരാളാണ്. രാത്രി സമയങ്ങളിൽ മാത്രം വൈദ്യുത വേലിയുടെ പ്രവർത്തനം സജ്ജമാക്കുന്നതും തുടർച്ചയായി ദിവസങ്ങളോളം പ്രവർത്തിപ്പിക്കുവാൻ നിർദ്ദിഷ്ട വ്യക്തികൾ ഇല്ലാതിരിക്കുന്ന സമയങ്ങളിലും അതിർത്തി ഭേദിച്ച് അതിക്രമിച്ച് കടക്കുന്ന കാട്ടാനകളും മറ്റ് മൃഗങ്ങളും മനുഷ്യരും ആവും വിധം വൈദ്യുത വേലി നാശോന്മുഖമാക്കുന്നു. ഉന്നത വോൾട്ടതയെ പ്രതിരോധിക്കുന്ന കൊമ്പുകളും നഖങ്ങളും ഉപയോഗിച്ച് ചില കാട്ടാനകൾ നിഷ്പ്രയാസം വൈദ്യുത വേലി പൊട്ടിച്ചെറിയുന്നു. വൈദ്യുത വേലിയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന മരങ്ങൾ

File No. ANERT-ADM/36/2019-OA1(HRM) (Computer No. 2117)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

കാട്ടാനകൾ വൈദ്യുത വേലിയിലേക്ക് പിഴുതെറിഞ്ഞും വൈദ്യുത വേലി താറുമാറാക്കുന്നു. വനാന്തര ഭാഗത്തേക്ക് മേയ്യുന്നതിനായി കന്നുകാലികളെ കടത്തി വിടുന്നതിനായി ഉപഭോക്താക്കൾ തന്നെ വൈദ്യുത വേലിയുടെ കമ്പി നിരകൾ മുറിച്ചുമാറ്റുന്നതും സാമൂഹിക വിരുദ്ധർ വൈദ്യുത വേലികളുടെ കമ്പികൾ കൂട്ടി കെട്ടി വക്കുന്നതും വൈദ്യുത വേലിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. ഇത്തരം അവസ്ഥകൾ തുടരുന്നതിനാൽ വൈദ്യുത വേലികളുടെ പൂർണ്ണമായ പ്രവർത്തനക്ഷമത അസാധ്യമാകുന്നു. ഭൂരിഭാഗവും വനയോരത്ത് സ്ഥിതി ചെയ്യുന്ന വൈദ്യുത വേലിയിൽ കാലപ്പഴക്കത്താലും പ്രകൃതിക്ഷോഭത്താലും പതിക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ഞങ്ങൾക്ക് ഒരു അനുവാദവും ലഭിച്ചിട്ടില്ല. ആയതിനാൽ തൽഭാഗങ്ങളിലുള്ള വൈദ്യുത വേലി ഭാഗീകമായി മാത്രമേ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ.

ഉപഭോക്താക്കൾ അറിയിക്കുന്നതിൻ പ്രകാരം പരിഹരിക്കാൻ കഴിയുന്ന തകരാറുകൾ തീർത്തു വരാറുള്ളതാണ്. കാട്ടുതീയും പ്രകൃതിക്ഷോഭവും മൂലമുണ്ടാകുന്ന വൈദ്യുത വേലികളുടെ നാശം പുനർനിർമ്മാണത്തിനു തടസമാകുന്നു. വനത്തിനുള്ളിൽ കള നിയന്ത്രണോപാധികൾ ഉപയോഗിക്കുന്നതിന് നിയന്ത്രണമുള്ളതു കൊണ്ട് മുഖ്യമായും വനത്തിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വേലികളിലേക്ക് കളകളും കാടുകളും പടരുന്നത് പൂർണ്ണമായും തടയുന്നത് ശ്രമകരമാണ്.അനർട്ട് അധികാരികളിൽ നിന്നോ മറ്റ് ഉപഭോക്താക്കളിൽ നിന്നോ ലഭിക്കുന്ന നിർദ്ദേശപ്രകാരം താമസമന്യേ നിർദ്ദേശിച്ചിട്ടുള്ള സേവനം പൂർത്തിയാക്കാറുണ്ട്. പൂർണ്ണമായും ഉപഭോക്താക്കളുടെയും, നാട്ടുകാരുടെയും സഹകരണം ഇല്ലാതെ വൈദ്യുത വേലിയുടെ പ്രവർത്തനം മികവുറ്റതാക്കാൻ കഴിയുന്നതല്ല.അനർട്ട് പദ്ധതി പ്രകാരം 15 എനർജൈസർ യൂണിറ്റുകൾ മാത്രം സ്ഥാപിക്കേണ്ടതിനു പുറമേ ജനാഭിപ്രായ പ്രകാരം ഞങ്ങൾ 5 (അഞ്ച്) യൂണിറ്റുകൾ കൂടി സ്ഥാപിച്ചിട്ടുള്ളതാണ്. ഞങ്ങളാൽ സാധ്യമാകുന്ന വിധത്തിൽ എല്ലാ കേടുപാടുകളും 2012-ാം ആണ്ട് മുതൽ

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

തീർത്തുവരുന്നതാണ്. അനർട്ട് അധികാരികൾ നിഷ്കർഷിച്ചിട്ടുള്ള സമയബന്ധിതമായ പരിശോധന റിപ്പോർട്ടുകൾ യഥാ സമയങ്ങളിൽ ബഹുമാനപ്പെട്ട അനർട്ട് വയനാട് ജില്ലാഓഫീസർ സെബാസ്റ്റ്യൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. മേൽ പ്രസ്ഥാവിച്ചിട്ടുള്ള വസ്തുതകൾ ദയവായി അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു. വയനാട് ജില്ലയിൽ അനർട്ട് മുഖേന സ്ഥാപിതമായിട്ടുള്ള 15 ഇടങ്ങളിലെ വൈദ്യുത വേലികളുടെ സ്ഥിതി വിവരണം ഇതോടുകൂടി ഉൾപ്പെടുത്തുന്നു.

എന്ന്

വിശ്വസ്തതയോടെ,

ഏഷ്യടെക് ഇലക്ട്രോണിക്സ്

ASIATECH ELECTRONICS
Moozhayil Complex, Sulthan Bathery
Kerala-673 592, Ph: 04936-224802
Mob: 09495259911

1. ചോയിമൂല തവിഞ്ഞാൽ (പേര്യ പഞ്ചായത്ത്)

പേരിയ തോട് മുതൽ ചോയിമൂല കുങ്കന്റെ വീടുവരെയുള്ള 2.5 കി.മി ദൂരത്തിനുള്ളിൽ സ്ഥാപിച്ചിരുന്ന വൈദ്യുത വേലി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അനർട്ട് വയനാട് ജില്ലാ ഓഫിസിൽ നിന്നും ഞങ്ങളുടെ കൂടെ പരിശോധനക്കായി എത്തിയ ഉദ്യോഗസ്ഥന്റെ മുമ്പാകെ തന്നെ സാക്ഷ്യപ്പെടുത്തിയതാണ്.

2. കൊടങ്ങാപ്പുര – അടക്കമാങ്ങ, ഓടക്കൊല്ലി കായപ്പുര കോളനി. (നൂൽപ്പുഴപഞ്ചായത്ത്)

എനർജൈസറും മറ്റ് അനുബന്ധ ഉപകരണങ്ങളും പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്. ഞങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ തന്നെ കാടൻകൊല്ലി ശ്രീരാമന്റെ വീടിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള എനർജൈസറിൽ നിന്നും രണ്ടു ലൈനുകളിലേക്ക് മാത്രമായി വൈദ്യുതി ബന്ധം ഉപഭോക്താക്കൾ തന്നെ ചുരുക്കിയിട്ടുണ്ട്.

File No. ANERT/ADM/36/2019-OA(HRM) (Computer No. 2117)
Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

3. കനാൽ,കുറുകുന്ന്കുറുമൻകാട്ടുനായ്ക്കകോളനി(നുൽപ്പുഴ പഞ്ചായത്ത്)

ഉപഭോക്താക്കൾ അവരുടെ താത്പര്യാർത്ഥംവൈദ്യുത ബന്ധം രണ്ടു ലൈനുകളിലേക്കായി ചുരുക്കിയതാണ്. കാടുകൾ നീക്കിയിട്ടുണ്ട്. വൈദ്യുത വേലി പ്രവർത്തന സജ്ജമാണ്.

4. വണ്ടിക്കടവ് – ചെത്തിമറ്റം (പുൽപ്പള്ളി പഞ്ചായത്ത്)

ആനത്താരയിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റുകൾ നിരവധി തവണ ഇവിടെ മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. പോസ്റ്റുകൾ ബലപ്പെടുത്തിയിട്ടുണ്ട്. സോളാർ പാനലിൽ നിന്നും ലഭിക്കുന്ന ഊർജ്ജം ഉപയോഗിച്ചാണ് ഇവിടെ വൈദ്യുത വേലി പ്രവർത്തിപ്പിക്കുന്നത്. ദിവസങ്ങൾ നീളുന്ന മഴയും കനത്ത മഞ്ഞും അനുഭവപ്പെടുന്ന സമയങ്ങളിൽ മാത്രം ബാറ്ററിയുടെ വോൾട്ടേജ് നില കുറയാതിരിക്കുവാനായി ഉപഭോക്താക്കൾ തന്നെ ബാറ്ററി ചാർജറുകൾ ഉപയോഗിക്കുന്നുണ്ട്.

5. പിലാക്കാവ് കാട്ടു നായ്ക്ക കോളനി, (നൂൽപ്പുഴ പഞ്ചായത്ത്)

വൈദ്യുത വേലി പൂർണ്ണ മായും പ്രവർത്തന സജ്ജമാണ്.

6. വെള്ളക്കോട് കുമ്പംക്കൊല്ലി – നരിക്കൊല്ലി കാരശ്ശേരി (നൂൽപ്പുഴ പഞ്ചായത്ത്)

ഇവിടെ സൗരോർജ്ജ വൈദ്യുത വേലിയുടെ ഒരു ഭാഗത്ത് വൈദ്യുത വേലി നീക്കി ആന പ്രതിരോധ കൽമതിൽ നിർമ്മിച്ചിട്ടുള്ളതാണ്. അതു കൊണ്ട് മുഴുനീള ദൂരം പ്രവർത്തിപ്പിക്കുന്നില്ല ബാക്കി ദൂരം പ്രവർത്തനക്ഷമമാണ്.

7. അളിപ്പുറം മൂലവയൽ – കുണ്ടിച്ചിറ കോളനി (നൂൽപ്പുഴ പഞ്ചായത്ത്)

വൈദ്യുത വേലിയിലേക്ക് ഉണങ്ങി വീണ മുളക്കൂട്ടങ്ങളും വൻ മരങ്ങളും മുറിച്ച് നീക്കം ചെയ്യുന്നതിന് ഞങ്ങൾക്ക് അനുമതി ഫോറസ്റ്റ് അധികൃതരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. വൈദ്യുതി വേലി ഭാഗീകമായി പ്രവർത്തിക്കുന്നുണ്ട്.

8. മുറിയൻകുന്ന് താഴെ കോളൂർ കോളനി (നൂൽപ്പുഴ പഞ്ചായത്ത്)

തകരാറുകൾ പരിഹരിച്ച് വൈദ്യുത വേലി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

File No. ANERT/ADM/36/2019-OA(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

9. മന്മഥൻ പാടി മറുകര പണിയൻ കോളനി (നൂൽപ്പുഴ പഞ്ചായത്ത്)

വൈദ്യുത വേലിയിലെ എനർജൈസർ ബാറ്ററി സോളാർ, ചാർജ് കൺട്രോളർ എന്നിവ തികച്ചും പ്രവർത്തന സജ്ജമാണ്. വൻ വൃക്ഷങ്ങളുടെ പതനത്തിൽ അകപ്പെട്ടിട്ടുള്ള വേലി പുനർ ക്രമീകരിക്കുന്നതിന് വൻ മരങ്ങൾ വെട്ടി മാറ്റേണ്ടതായിട്ടുണ്ട്. ഇതിന് അധികൃതരിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

10. എട്ടേക്കർ കുന്ന് കുറുമൻ കോളനി. (നൂൽപ്പുഴ പഞ്ചായത്ത്)

കാടുമൂടിയ ഭാഗങ്ങൾ വെട്ടിമാറ്റി വൈദ്യുത വേലി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.വേലിയുടെ ആകെ നീളമായ 600 മീറ്ററിൽ നിന്നും 2 കി.മി ദൂരത്തിലേക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തേക്ക് മരത്തിലൂടെ വലിച്ചിട്ടുള്ള കമ്പിയിലേക്ക് ഉപഭോക്താക്കൾ അനർട്ട് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വേലിയുമായി ബന്ധിപ്പിക്കുന്നതു കൊണ്ട് എട്ടേക്കർ കുന്നിൽ സ്ഥാപിച്ചിട്ടുള്ള ഈ വൈദ്യുത വേലിയിൽ വോൾട്ടേജ് നില വളരെ കുറയുന്നതിനു കാരണമാകുന്നു.

11. മണിമുണ്ട – കുറുമൻ കാട്ടുനായ്ക്ക കോളനി (നൂൽപ്പുഴ പഞ്ചായത്ത്)

എനർജൈസറും മറ്റ് ഉപകരണങ്ങളും പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. വൈദ്യുത വേലിയുടെ ദൈനംദിന പ്രവർത്തനം നിയന്ത്രിക്കുന്നതിന് ദീർഘ നാളുകളായി ഉപഭോക്താക്കൾ ആരെയും ചുമതലപെടുത്താത്ത് കൊണ്ട് നിത്യേന വൈദ്യുത വേലി പ്രവർത്തിപ്പിക്കുന്നില്ല. തത്സമയങ്ങളിൽ മനുഷ്യരും കാട്ടാനകളും ഈ വൈദ്യുത വേലിക്ക് നാശം വരുത്തുന്നു.

12. പിലാക്കാവ് കൽക്കോറി കോളനി. (നൂൽപ്പുഴ പഞ്ചായത്ത്)

നായ്ക്കട്ടിമുതൽ അമ്പലം വരെയുള്ള ഭാഗത്തേക്ക് ഉപഭോക്താക്കൾ തന്നെ വൈദ്യുത ബന്ധം വിച്ഛേദിച്ചിട്ടുള്ളതാണ്. ബാക്കിവരുന്ന 1 .1 കി.മി ദൂരത്തിൽ വേലി പ്രവർത്തിക്കുന്നുണ്ട്. എനർജൈസർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും പ്രവർത്തന സജ്ജമാണ്.

13. വീരാടി, മച്ചിമൂല – കട്ടകണ്ടി (പുൽപ്പള്ളി പഞ്ചായത്ത്)

ഉപഭോക്താവും, വൈദ്യുത വേലിയുടെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വിലങ്ങാടി സുബ്രഹ്മണ്യൻ തന്റെ വീടിനേട് ചേർന്ന് സ്ഥാപിച്ചിരിക്കുന്ന സൗമോർജ വേലിയിലേക്ക് ഗാർഹിക വൈദ്യുതി ബന്ധിച്ചതുമൂലം വേലിയിൽ നിന്ന് ഷോക്കേറ്റ് ഒരാൾ മരണപ്പെടാനുണ്ടായ സാഹചര്യത്തെ തുടർന്ന് അധികാരികൾ തന്നെ വൈദ്യുത വേലിയിലേക്കുള്ള

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM.

ബന്ധം വിച്ഛേദിച്ചിരിക്കുന്നതാണ്. ഇവിടെ വൈദ്യുത വേലിയുടെ ഉപകരണങ്ങൾ ഇതുവരെയും പ്രവർത്തന സജ്ജമാണ്.

14. കൊളവള്ളി അംബ്ദേക്കർ കോളനി (പുൽപ്പള്ളി പഞ്ചായത്ത്)

വൈദ്യുത വേലി ഇതുവരെയും പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. എല്ലാ തകരാറുകളും പരിഹരിച്ചിട്ടുണ്ട്. ഇവിടെയുള്ള ഉപഭോക്താക്കൾ വളരെ നല്ലരീതിയിൽ വൈദ്യുതവേലി പരിപാലിക്കുന്നുണ്ട്.

15. അണ്ണിമൂല ഈച്ചക്കുന്ന് പച്ചാടി (പുൽപ്പള്ളി പഞ്ചായത്ത്)

വൈദ്യുത വേലിയുടെ ഭൂരിഭാഗം വസ്തുക്കളും ഘടകങ്ങളും തദ്ദേശവാസികൾ തന്നെ നശിപ്പിക്കുകയും അഴിച്ചെടുത്ത് കൊണ്ടുപോകുകയും ചെയ്തതുകൊണ്ട് ഈ വൈദ്യുത വേലിയുടെ തകരാറുകൾ ഭാഗീകമായി മാത്രമേ പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇവിടെയുള്ള എനർജൈസർ സോളാർ പാനൽ മുതലായ ഉപകരണങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാണ് .

File No. ANERT-ADM/36/2019-OA1(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ASIATECH
ELECTRONICS

MOOZHAYIL COMPLEX, SULTHAN BATHERY, KERALA - 673 592 PH : 04936-224802, 09495259911, e-mail : mkjoyasiatech@yahoo.co.in

Date : 24/10/2013

ANERT
25 OCT 2013
Date 12592

To,

The Director
ANERT
Thycaud P, O.
Thiruvanathapuram

Sir

Sub: 1) Tender for supply, Installation and commissioning of 17 solar fences with energizer systems in Wayanad district.

2) Request for extending work completion period.

We had completed construction of solar fences in (1) Kanal kunukunnu Noolpuzha (2)Ettekkarkunu Noolpuzha,(3) Pilakkavu kalkkori Noolpuzha,(4)Vellakkode Kumbran kolli Noolpuzha, (5)Pilakkavu Kalkkori kuruaman kattunaikka colony Noolpuzha ,(6) Kolavally Mullankolli (7)Vandikadau Chettimattam and work is progressing on another two sites, But the worse weather conditions still effecting the fence construction. So humbly we request you to extend our work completion period.

Yours sincerely

For ASIATECH

ASIATECH
ELECTRONICS
Moozhayil Complex, Sulthan Bathery
Kerala-673 592, Ph:04936-224802
Mob: 09495259911

Mfrs. of : Power fencing Systems, Solar Lightings, Inverters, Home Security Systems, Electronic Pest repellers, Survey of ground water.
File No. ANERT-ADM/36/2019-Online Inward Document No.12592
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, Assistant Engineer (Technical), Technology Development Division

JOINT INSPECTION REPORT OF SOLAR FENCES INSTALLED BY ASIATECH ELECTRONICS, SULTHAN BATHERY

A team of the following members have inspected the 5 solar fences on 24-8-2017 and 25-8-2017 installed by Asiatech Electronics, Sulthan Bathery in the remote colonies in Wayanad District.

Sri, C.T Ajithkumar, Programme Officer

Sri. Rajesh R, Programme Officer

Sri. Anil Kumar B, District Engineer, Thiruvananthapuram

Inspection was conducted in the following 5 colonies.

1. Vandikadavu – Chethimattom Paniya Colony, Pulpally
2. Annimoola – Eachakunnu Kuruma Colony
3. Kannal Kurukunnu Kuruman Kaattunayikkan Colony
4. Manimunda Kuruman Kaattunayikkan Colony
5. Pilakkavu -Kalkkori Kuruman Kaattunayikkan Colony

It was seen that the solar fence installed at the first location was not functioning. The solar fences installed at second, third and fourth locations were partially functioning and the solar fence at the fifth location was perfectly functioning. The local people had taken away the wires of many of the portions of the first four solar fences for their private use and the costly materials in the fence were missing. The portions of some of the fences were destroyed by wild elephants and some areas were covered by bushes and plants. Due to lack of mechanism for cutting the nearby bushes and plants the operation of the fences at many places are not satisfactory. The solar PV modules of the first four fences are seen properly installed at the original place itself. But the solar charging station along with PV module, battery and energizer at the last location was shifted by the local people to another safe location very close to the original place of installation for their convenience of operation and the solar fence of length 1.15 km. functions satisfactorily for long time since the same was installed on the bank of the trench and not getting in contact with nearby bushes.

It was noticed that the solar fencing arrangement was not foolproof enough to keep away the wild elephants as the elephants are dared to damage the fences by hitting with branches of trees and wooden logs and to twist the tensioned wires at both sides of the posts with their horns. The elephants normally pull out the lower most non live conductor wire of the fence and destroy the fence. The solar fences are useful at places where day to day maintenance is practically feasible.

File No. ANERT-ADM/36/2019-OA(HRM) (Computer No. 217)

Generated from eOffice by Deepthi R Nath, OA(HRM) ANERT, OA(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

Instructions were given to the supplier of the solar fences to rectify the defects of the solar fences and recondition the available portion of the fences.

C.T Ajithkumar
Programme Officer
13.09.2017

Rajesh R
Programme Officer

Anil Kumar B
District Engineer,
Thiruvananthapuram

File No. ANERT-ADM/36/2019-OA1(HRM) (Computer No.:2117)
Generated from eOffice by Deepthi R Nath, OA1(HRM) ANERT, OA1(HRM) ANERT, AGENCY FOR NEW AND RENEWABLE ENERGY RESEARCH & TECHNOLOGY on 20/02/2026 11:53 AM

ASIATECH
ELECTRONICS

MOOZHAYIL COMPLEX, SULTHAN BATHERY, KERALA -673 592 PH: 04936-224802, 09495259911, e-mail : mkjoyasiatech@yahoo.co.in

Date: 22/1/2018

To,

Director ANERT

Thiruvanathapuram

Sir,

Sub: Maintenance of solar fence

Ref: Your mail dated 10th January 2018

As per the direction from your office we are almost recertified the complaints of solar power fences specified in your letter after the few weeks of your inspection. But the difficulties we are facing till today all over the fences damaging by the local peoples for tending cattle's in forest and untying the fence materials and components for own their private uses ,disarraying fence lines for easy entering to forest also in day time nobody is operating the fences that's why all rambling cattles and wild animals destroying the fence everyday .The wind fallen trees and bamboos near the fence fired by antisocial elements so major portion of the fence burned off .The dead fallen bamboos covered over the fences in such areas its very difficult to remove, In these places fence working partially. Beneficiary committee is not formed yet so the daily operation of fences not conducting properly. Fence present status report seeing below.

For Asiatech Electronics

